# 2 പത്രൊാസ്
# ഒരു മുഖവുര

ഒന്നു പത്രൊാസിന്റെ ലേഖനവും രണ്ട് പത്രൊാസിന്റെ ലേഖനവും ശ്രദ്ധയോടെ വായിച്ചാൽ, രണ്ടും വ്യത്യാസമുള്ള രേഖകളാണെന്നു മനസിലാകും. ഗ്രീക്ക് ഘടന മാറ്റി നിർത്തി, നല്ല ഇംഗ്ലീഷ് തർജിമ വായിക്കുന്ന ഒരാൾക്ക് രണ്ടു ലേഖനങ്ങളിലുമുള്ള താൽപര്യത്തിലും, ഉള്ളടക്കത്തിലും, പദാവലിയിലും, അലങ്കാരശൈലിയിലും, വേദശാസ്ത്ര കരുതലിലും വ്യത്യാസം കാണാതിരിക്കുവാൻ സാധ്യമല്ല. വ്യത്യാസങ്ങൾ വലുതാകയാൽ, രണ്ടു ലേഖനങ്ങളും എഴുതിയത് ഒരു ലേഖകനല്ല എന്ന തീർപ്പിലാണ് പലരും എത്തിച്ചേർന്നിരിക്കുന്നത്. പത്രൊാസ് ആണ് ഒന്നാം ലേഖനമെഴുതിയതെങ്കിൽ, രണ്ടാമത്തേത് അവനായിരിക്കുകയില്ല എഴുതിയത് എന്നാണ് അത്തരം ചിന്ത വിലയിരുത്തുന്നത്.

2 പത്രൊാസിന്റെ ലേഖകനെ ചോദ്യം ചെയ്യുന്നത് മറ്റു മുഖവുര വിചാരങ്ങളെ ചെറുതാക്കും. മതത്തെ നിന്ദിക്കുന്ന ഉപദേശങ്ങൾ നേരിട്ടപ്പോൾ ഒരുകൂട്ടം എരിവേറിയ ക്രിസ്ത്യാനികൾ ചേർന്ന് 2 പത്രൊാസ് എഴുതി, പത്രൊാസിന്റെ പേർ ചേർത്തതാണെന്നാണ് ലേഖനം പഠിക്കുന്ന പലരും കരുതുന്നത്. പത്രൊാസിന്റെ പേരുള്ളതിനാൽ ദുരുപദേശത്തെ പരാജയപ്പെടുത്താമെന്ന് അവർ കരുതിയിരുന്നു.

### ലേഖകനെ ചോദ്യം ചെയ്യുന്നതിന്റെ പ്രാധാന്യം

ഇംഗ്ലീഷ് വായനക്കാരന്, രണ്ടു രേഖകളിലും വ്യത്യാസം കാണാൻ കഴിയുമെങ്കിലും, ഗ്രീക്ക് വായിക്കുമ്പോൾ വ്യത്യാസം കൂടുതൽ സ്പഷ്ടമാകും. നല്ല ഗ്രീക്ക് ഗദ്യരൂപത്തിൽ ഒന്നാം ലേഖനം എഴുതിയതിനാൽ അതിലെ വാചകങ്ങൾ വളരെ വ്യക്തമാണ്. രണ്ടാം ലേഖനം നിറയെ ആഡംബര പ്രയോഗങ്ങളും, അസാധാരണ വാക്കുകളും, സങ്കീർണ്ണങ്ങളായ വാചകങ്ങളും നിറഞ്ഞതാണ്. ചിലപ്പോൾ വാചകങ്ങൾ ശരിയായി അവസാനിപ്പിക്കുന്നതിനു പകരം, കെട്ടിമറിഞ്ഞു കിടക്കുകയാണ്. ലേഖനങ്ങൾ വ്യത്യസ്ത എഴുത്തുകാരാൽ എഴുതി എന്നു അനുമാനിക്കുവാനുള്ള മുഖ്യകാരണം ഈ ശൈലി വ്യത്യാസമായിരിക്കാം. 2 പത്രൊാസിന്റെ ലേഖനത്തേക്കാൾ അധികം ലേഖകനെ സംബന്ധിച്ച് പുതിയനിയമത്തിൽ മറ്റൊരു പുസ്തകവും വെല്ലുവിളി ഉയർത്തിയിട്ടില്ല എന്നു പറയുന്നതായിരിക്കും സുരക്ഷിതത്വം. ഒരു പുതിയ നിയമ പണ്ഡിതൻ എഴുതി, "പത്രൊാസ് എഴുതിയ രണ്ടാം ലേഖനത്തെ പോലെ ലേഖകനെ സംബന്ധിച്ച്, പ്രാരംഭ ക്രിസ്ത്യാനികൾക്കിടയിൽ ഇത്രത്തോളം ഉൽസാഹപൂർവ്വം വാദിച്ചിട്ടുള്ള മറ്റൊരു പുസ്തകം പുതിയനിയമത്തിലോ കത്തോലിക്കാ ലേഖനങ്ങളിലോ കാണുകയില്ല."[1]

വ്യത്യാസങ്ങൾ ഉണ്ടെങ്കിലും, 1 പത്രൊാസ് എഴുതിയ അപ്പൊസ്തലൻ തന്നെയാണ് 2 പത്രൊാസും എഴുതിയത് എന്ന് അവകാശപ്പെടാവുന്ന വ്യക്തതയുമുണ്ട്. രണ്ടാം ലേഖനകർത്താവ്, ഒന്നാം ലേഖനത്തേക്കാളധികം താൻ ആരായിരുന്നു എന്നും കർത്താവിനോടുകൂടെയുണ്ടായിരുന്ന വ്യക്തിപരമായ ബന്ധത്തെയും എടുത്തുകാണിച്ചിരിക്കുന്നു. രണ്ടു ലേഖനങ്ങളിൽ

ഒന്ന് വഞ്ചനയുള്ള ഭക്തിയായി എടുക്കണമെങ്കിൽ, രണ്ടാമത്തെ ലേഖനത്തിൽ ഒന്നാമത്തേതിൽനിന്നും കൃത്രിമം ചെയ്യുന്നതായി കണ്ടെത്തണം. ആരംഭ വാകൃത്തിൽ താൻ പത്രൊസ് ആണെന്നു പറയുന്നതിനപ്പുറമായി സുവിശേഷങ്ങളിൽ പത്രൊസും യേശുവും മിക്ക സംഭവങ്ങളിലും കേന്ദ്രമായി പറഞ്ഞിരിക്കുന്നതൊന്നും, ഒന്നാം ലേഖനത്തിൽ പറയുന്നില്ല. എന്നാൽ 2 പത്രൊസിൽ അങ്ങനെയല്ല.

ഒന്നു പത്രൊസിന്റെ ലേഖനത്തിൽ "പത്രൊസ്" എന്ന് മാത്രമാണ് പറയുന്നതെങ്കിൽ, 2 പത്രൊസിന്റെ ലേഖകനായി തുറന്നു "ശിമോൻ [ശിമെയോൻ] പത്രൊസ്" എന്നാണ് പറഞ്ഞിരിക്കുന്നത്. "യേശുക്രിസ്തുവിന്റെ അപ്പൊസ്തലൻ" എന്നാണ് രണ്ടു ലേഖനങ്ങളിലും ലേഖകനെ പരിചയപ്പെടുത്തിയിരിക്കുന്നത്; എന്നാൽ രണ്ടാമത്തെ ലേഖനത്തിൽ, പൗലൊസിന്റെ മാതൃകയായ "ദാസൻ" എന്നു ചേർത്തിരിക്കുന്നു. യേശുവും പത്രൊസും മുഖ്യമായി ഉൾപ്പെട്ടതും സുവിശേഷങ്ങളിൽ പറഞ്ഞതുമായ രണ്ട് സംഭവങ്ങൾ ചുരുക്കത്തിൽ 2 പത്രൊസിന്റെ ലേഖകൻ പറഞ്ഞിരിക്കുന്നു. യേശുവിനോടുകൂടെ അവന്റെ ശുശ്രൂഷയിലുടനീളം അവനോടുകൂടെ ഉണ്ടായിരുന്നവനായിട്ടാണ് ഒന്നാം ലേഖനത്തേക്കാൾ രണ്ടാം ലേഖനത്തിൽ തന്നെ കുറിച്ച് വായനക്കാർക്ക് വിവരിക്കുന്നത്. അവൻ അവകാശപ്പെട്ട അടിസ്ഥാനത്തിന്മേലായിരുന്നു അവനെ കേൾക്കുവാൻ ആവശ്യപ്പെട്ടത്. ന്യായവിധിയെ കുറിച്ചു പ്രതിപാദിക്കുന്നതാണ് മറ്റൊരു ആന്തരികമായ തെളിവ്. ഒന്നാം ലേഖനത്തിലെ അതേ ആധികാരികത തന്നെയാണ് രണ്ടാം ലേഖനത്തിലുമുള്ളത്.

2 പത്രൊസിന്റെ ലേഖകന്റെ ആധികാരികതയെ കുറിച്ചുള്ളതാണ് പുതിയ നിയമ പണ്ഡിതന്മാരുടെ വിമർശനങ്ങളിലധികവും ശ്രദ്ധ ആകർഷിച്ചിട്ടുള്ളത്. "രണ്ട് പത്രൊസിന്റെ ലേഖനം പത്രൊസ് തന്നെയാണ് എഴുതിയതെന്ന് അവകാശപ്പെടുവാൻ പ്രാരംഭ വാക്യം പറയുന്നതു മാത്രം പോരാ. ആ രേഖ ദൈവശ്വാസിയമായതുകൊണ്ട് അപ്പൊസ്തലൻ തന്നെയാണ് എഴുതിയത് എന്നത് സത്യമായിരിക്കും." പുതിയനിയമ വിമർശകർ അത് വിതരണം ചെയ്യുവാനുള്ള കാരണം ഇതാണ്. "അപ്പൊസ്തലനായ പത്രൊസ് തന്നെയാണ് ഇതെഴുതിയത് എന്ന് നിങ്ങൾക്ക് എങ്ങനെ അറിയാം?" എന്ന് ഒരാളോട് ചോദിക്കുമ്പോൾ, അയാളുടെ പ്രതികരണം, "അത് ദൈവശ്വാസിയമാണ്," എന്നു പറയുന്നത് വിവാദം ഒഴിവാക്കുവാനാണ്. "അത് ദൈവശ്വാസിയമാണ് എന്ന് നിങ്ങൾക്ക് എങ്ങനെ അറിയാം?" എന്നു ചോദിക്കുന്നതിന് അയാൾ പ്രതികരിക്കും, "കാരണം അത് അപ്പൊസ്തലനായ പത്രൊസ് എഴുതിയതാണ്." പ്രാരംഭ വാക്യത്തിൽ അവകാശപ്പെട്ടത് സത്യമാണോ എന്നതല്ല പ്രശ്നം. അത് അങ്ങനെയാണെങ്കിൽ, ലേഖനം ദൈവശ്വാസിയമായി എഴുതപ്പെട്ടതും അത് കർത്താവിന്റെ സഭയുടെ നടത്തിപ്പിനു യോജിച്ചതുമാണ്. പ്രാരംഭ വാക്യത്തിലെ അവകാശം സത്യമല്ലെങ്കിൽ, ലേഖനം സത്യവും സഭക്ക് ആധികാരികവും ആണെന്ന് പുതിയനിയമ പണ്ഡിതന്മാർ സ്വീകരിക്കുവാനായി ദൈവശ്വാസിയതയുടെ ചില നിർവ്വചനങ്ങൾ രൂപപ്പെടുത്തണം. അക്കാരണത്താൽ 2 പത്രൊസിന്റെ ലേഖനകർത്താവിനെ കുറിച്ചുള്ള ചോദ്യം സങ്കീർണ്ണമാണ്.

## പത്രൊസ് തന്നെയാണ് ലേഖകൻ എന്നതിനുള്ള എതിരഭിപ്രായങ്ങൾ

യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായ പത്രൊസ് തന്നെയാണ്

2 പത്രൊസിന്റെ ലേഖകൻ എന്ന് അതിനുള്ള തെളിവും കാരണവും പുതിയനിയമ വിദ്യാർത്ഥി മനസിലാക്കണം. വിമർശകർ തങ്ങളുടെ വാദം ഉപേക്ഷിക്കാതിരിക്കുവാൻ കാരണം അവർ സത്യസന്ധതയില്ലാത്തവരാണ്. തെളിവുകൾ അവരെ എവിടേക്ക് നയിക്കുന്നുവോ അവിടേക്കാണ് അവർ പോകുന്നത്. വിപരീതമായ അഭിപ്രായമുള്ളവർ തെളിവുകളെ അംഗീകരിക്കയാണ് വേണ്ടത്.

ഒന്നും രണ്ടും പത്രൊസിന്റെ ലേഖനങ്ങൾ ഒരേ ലേഖകനാൽ എഴുതപ്പെട്ടതല്ല എന്നാണ് വിമർശകർ പറയുന്നത്. അവനാണ് ഒന്നാമത്തേത് എഴുതിയതെങ്കിൽ രണ്ടാമത്തേത് അവനല്ല എന്നു തുടങ്ങുന്നു അവരുടെ വാദങ്ങൾ. പല വസ്തുതകളെയും നിരത്തിയാണ് അവർ അങ്ങനെ പറയുന്നത്. ഒന്ന്, രണ്ട് ലേഖനങ്ങളുടെയും സാഹിത്യശൈലി വ്യത്യസ്തമാണ്. നല്ല ഗ്രീക്ക് ഗദ്യത്തിലാണ് ഒന്ന് പത്രൊസിന്റെ ലേഖനം എഴുതിയത്. അതേ സമയം കുറഞ്ഞ ഗ്രീക്കിലല്ല രണ്ട് പത്രൊസിന്റെ ലേഖനം എഴുതിയത് (അത് ഒരാൾ കുറഞ്ഞ എന്നതിന് ഉപയോഗിക്കുന്ന നിർവ്വചനം അനുസരിച്ചിരിക്കും) അതായത് അതിനു കൊടുക്കുന്ന പിന്തുണ, ഫലം, ആഡംബരം എന്നിവ. “അവന്റെ വിലയേറിയതും മഹത്തുമായ വാഗ്ദാനങ്ങൾ” (1:4), “നിത്യരാജ്യത്തിലേക്കുള്ള ... പ്രവേശനം നിങ്ങൾക്ക് സമൃദ്ധമായി നൽകും” (1:11), “നേരം വെളുക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കുകയും ചെയ്യുവോളം ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന വിളക്കു പോലെ അതിനെ കരുതിക്കൊണ്ടാൽ നന്ന്” (1:19), “ജാത്യാ പിടിപെട്ട് നശിപ്പാൻ പിറന്ന ബുദ്ധിയില്ലാത്ത ജന്തുക്കളെ പോലെ” (2:12) എന്നീ ചിത്രീകരണങ്ങൾ ലേഖനത്തിൽ മുഴുവൻ ഒഴുകിയിരിക്കുകയാണ്. അതിൽനിന്നു വ്യത്യസ്തമായി, ഒന്നു പത്രൊസിന്റെ ലേഖനം, കൂടുതലും ഉൾവലിയുന്നതാണ്.

അതിനു പുറമെ, 2 പത്രൊസിലെ ഉള്ളടക്കവും വിചാരവും ഒന്നു പത്രൊസിന്റേതിൽനിന്നു വ്യത്യസ്തമാണ്. 1 പത്രൊസിന്റെ ലേഖനത്തിൽ “പ്രത്യാശക്ക്” പ്രാധാന്യം കൊടുത്തിരിക്കുന്നു, അത് വാക്ക് ആയിട്ടും ആശയമായിട്ടും അതെ. ഉപദ്രവവും കഷ്ടതയും സഹിച്ച് കർത്താവിന്റെ പ്രത്യക്ഷതയിൽ ദൈവമഹത്വം വെളിപ്പെടുമെന്നു ഉറപ്പിക്കുന്നതായിരുന്നു ഒന്നു പത്രൊസിന്റെ ലേഖനം. കർത്താവ് മടങ്ങി വരുമ്പോൾ, ക്രിസ്ത്യാനികളെ ഉപദ്രവിച്ചവർക്ക് ദൈവത്തിന്റെ ന്യായവിധി നടത്തി പ്രതികാരം കൊടുക്കും എന്നാണ് ഒന്നാമത്തെ ലേഖനത്തിൽ പറയുന്നത്. എന്നാൽ 2 പത്രൊസിന്റെ ലേഖനം കർത്താവിന്റെ മടങ്ങി വരവിനെ കുറിച്ച് പറഞ്ഞ് ആശ്വാസമോ ഉറപ്പിക്കലോ നടത്താതെ, മടങ്ങി വരുവാനുള്ള താമസത്തിന്റെ കാരണമാണ് വ്യക്തമാക്കുന്നത്. 1 പത്രൊസിലെ താക്കോൽ വാക്ക് “പ്രത്യാശ” എന്നാണെങ്കിൽ, ഈ ലേഖനത്തിലേത് “പരിജ്ഞാനം” ആണ്. കൂടാതെ 1 പത്രൊസിന്റെ ലേഖനത്തിൽ, സ്നാനത്തിനും, പ്രാർത്ഥനക്കും, ക്രൂശിനും, ഉയർത്തെഴുന്നേൽപിനും, സ്വർഗാരോഹണത്തിനും കൂടുതൽ ഊന്നൽ കൊടുത്തിരിക്കുകയാണ്. ആ ചിന്തകൾ 2 പത്രൊസിന്റെ ലേഖനത്തിൽ കാണുന്നില്ല.

വ്യക്തിപരമായ പരോക്ഷസൂചനകൾ പലതും 2 പത്രൊസിൽ കാണാം, താൻ അപ്പൊസ്തലനായ പത്രൊസ് ആണെന്ന് ബോധ്യമാക്കാതിരിക്കുവാനാണ് ആ വേഷപ്പകർച്ച നടത്തിയതെന്നാണ് വിമർശകർ പറയുന്നത്. 2 പത്രൊസിലെ വ്യക്തിപരമായ പരോക്ഷസൂചനകളിൽ ചിലത് ഇവയാണ്: (1) ലേഖകൻ തന്റെ മുമ്പിലത്തെ പേരായ ശിമെയോൻ എന്നാണ് പറഞ്ഞത്, അല്ലാതെ കൂടുതൽ സാധാരണയായി അറിയപ്പെടുന്ന ശിമോൻ എന്നല്ല (1:1).[2] (2) യോഹ

ന്നാൻ 21:18, 19 ലെ യേശുവും പത്രൊസും തമ്മിലുള്ള സംഭാഷണം ലേഖകൻ പറഞ്ഞിരിക്കുന്നു. അവിടെ അവൻ തന്റെ വരുവാനുള്ള മരണത്തെ കുറിച്ച് അപ്പൊസ്തലനോട് പറഞ്ഞിരുന്നു (1:14). (3) മറുരൂപസമയത്തെ സംഭവങ്ങളെ ലേഖകൻ ഓർമ്മിച്ചു. "വിശുദ്ധ പർവ്വതത്തിൽ" വെച്ച് "ശ്രേഷ്ഠ തേജസ്" യേശുവിനോട് സംസാരിച്ചതായി 2 പത്രൊസിന്റെ ലേഖനത്തിൽ പറയുന്നു (1:16–18). (4) കഴിഞ്ഞ ലേഖനത്തിലെ ഒരു വാക്യവും അവൻ എടുത്തു പറഞ്ഞിരിക്കുന്നു (3:1). (5) പൗലൊസിന്റെ ലേഖനങ്ങളിൽ "ചിലത് മനസിലാക്കുവാൻ പ്രയാസമാണ്" എന്നതു മാത്രമാണ് ബാഹ്യമായ തെളിവായി ലേഖകൻ പറഞ്ഞത് (3:15, 16). പൗലൊസിന്റെ ലേഖനങ്ങളെ കുറിച്ച് പറഞ്ഞിരിക്കുന്നത് പ്രാധാന്യമുള്ളതാണ്. പൗലൊസ് എഴുതിയ ലേഖനങ്ങളെ കുറിച്ച് പത്രൊസ് അറിഞ്ഞിരിക്കുവാൻ സാധ്യതയില്ല എന്നാണ് വിമർശകർ പറയുന്നത്; എന്നാൽ അറിഞ്ഞിരുന്നുവെങ്കിൽ "ശേഷം തിരുവെഴുത്തുകളെ" അതേ ഗണത്തിൽ പെടുത്തി പറയുമായിരുന്നില്ല എന്നാണ് അവർ വാദിക്കുന്നത് (3:16).

2 പത്രൊസിന്റെ ലേഖനവും യൂദായുടെ ലേഖനവും തമ്മിൽ സാഹിത്യപരമായ നല്ല ബന്ധമുണ്ട്. യൂദയുടെ ലേഖനത്തെ ആസ്പദമാക്കിയാണ് 2 പത്രൊസ് ഇരിക്കുന്നത്, അല്ലാതെ തിരിച്ചല്ല എന്നാണ് മിക്കപേരും വാദിക്കുന്നത്. അത് വാസ്തവമാണെങ്കിൽ, 2 പത്രൊസ് എഴുതിയത് പിന്നീടാണെന്ന് സൂചിപ്പിക്കുന്നു, അതുകൊണ്ട് 60കളുടെ മദ്ധ്യേ അപ്പൊസ്തലൻ മരിക്കുന്നതിനു മുൻപ് എഴുതുവാൻ സാധ്യതയില്ല എന്നാണ് അത് നിർദ്ദേശിക്കുന്നത്. യൂദയുടെ ലേഖനവും 2 പത്രൊസിന്റെ ലേഖനവും തമ്മിലുള്ള സാഹിത്യപരമായ ബന്ധം സങ്കീർണ്ണമാണ്. ആ ബന്ധത്തെ കുറിച്ച് ഈ മുഖവുരയിൽ അവസാനം നാം ചർച്ച ചെയ്യും.

ലേഖനങ്ങളുടെ എഴുത്തുകാരെ സംബന്ധിച്ച് 1 ഉം 2 ഉം പത്രൊസിന്റെ ലേഖനങ്ങൾ ഒരേ എഴുത്തുകാരൻ തന്നെയാണോ എന്ന പണ്ഡിതന്മാരുടെ അന്വേഷണത്തിൽ ബാഹ്യവും ചരിത്രപരവുമായ തെളിവുകൾ ലൗകിക തലങ്ങളിൽനിന്നും പ്രപാരംഭ ക്രിസ്തീയ ഉറവിടങ്ങളിൽനിന്നും ഗവേഷണം നടത്തിയിരിക്കുന്നു. യൂദയെ പോലെ തന്നെ 2 പത്രൊസ് എഴുതിയ ഉദ്ദേശം, വലിയ ഒരളവ് വരെ, സഭകളെ വിഴുങ്ങുവാൻ ശ്രമിച്ച ദുരുപദേഷ്ടാക്കന്മാരെ നേരിടുക എന്നതായിരുന്നു. 2 പത്രൊസിന്റെ ലേഖനത്തിൽ പറയുന്ന ഉപദേഷ്ടാക്കന്മാർ രണ്ടാം നൂറ്റാണ്ടുവരെ സഭാ രംഗത്തേക്ക് കടന്നു വരുന്നില്ല. 2 പത്രൊസ് ദുരുപദേഷ്ടാക്കന്മാരുടെ സ്വാധീനം ഇല്ലാതാക്കുവാൻ ഭക്തിയുള്ള ക്രിസ്ത്യാനികൾ എഴുതി (എന്നു പറയപ്പെടുന്നു). തങ്ങളുടെ പേർ ലേഖനത്തിന് നൽകുന്നതിനേക്കാൾ വില പത്രൊസിന്റെ പേർ നൽകിയാൽ ലഭിക്കുമെന്ന് അവർ വിചാരിച്ചു. അപ്പൊസ്തലൻ അവിടെ ഉണ്ടായിരുന്നപ്പോൾ എഴുതിയതാണെന്ന് ആളുകൾ ധരിച്ചോട്ടെ എന്നു 2 പത്രൊസ് എഴുതിയ ലേഖകനോ ലേഖകരോ വിചാരിച്ചിരിക്കും.

ഒന്നാം ലേഖനത്തിൽ പറഞ്ഞിരിക്കുന്ന പത്രൊസിനോടുകൂടെയുണ്ടായിരുന്ന സഭാ എഴുത്തുകാരുടെ സാക്ഷ്യം പരിഗണിക്കത്തക്കതായിരുന്നു. രണ്ടാമത്തേതിൽ പത്രൊസിനോടുകൂടെ അവരുണ്ടായിരുന്നതിന് വലിയ തെളിവ് ഒന്നുമില്ല. രണ്ടു ലേഖനങ്ങളും പത്രൊസ് അല്ല എഴുതിയത് എന്നതിനെ ചിലർ നിഷേധിക്കുമ്പോൾ, 2 പത്രൊസ് എഴുതിയത് പത്രൊസ് ആണെന്നതിന് ശക്തമായ തെളിവില്ലെങ്കിലും 1 പത്രൊസ് എഴുതിയത് പത്രൊസ് തന്നെ എന്നതിനു ശക്തമായ തെളിവുണ്ട് എന്ന് അവർ സമ്മതിക്കുന്നു. അക്കാരണത്താലാണ്,

1 പത്രൊസിന്റെ ലേഖനം എഴുതിയത് പത്രൊസ് ആണെങ്കിലും, 2 പത്രൊസ് എഴുതിയത് മറ്റാരോ ആണെന്നാണ് പല വിമർശകരും വിശ്വസിക്കുന്നത്.

രണ്ട് ലേഖനങ്ങളും എഴുതിയ ലേഖകനെ ശരിയായി വിലയിരുത്തുവാനായി രണ്ടാം നൂറ്റാണ്ടിലേയും മൂന്നാം നൂറ്റാണ്ടിലേയും ഉറവിടങ്ങളെ കുറിച്ചുള്ള അറിവ് അനിവാര്യമാണ്. അക്കാരണത്താൽ ഈ വിഷയത്തിൽ താൽപര്യമുള്ളവരെയും അത്തരത്തിലുള്ള വിമർശനാത്മക വ്യാഖ്യാനങ്ങളെയും പരിശോധിക്കണം.[3] എന്തുകൊണ്ട് ചില വിമർശകർ 1 പത്രൊസിന്റെ ലേഖനം പത്രൊസ് എഴുതി എന്നും 2 പത്രൊസ് അവൻ എഴുതിയതല്ല എന്ന് പറയുന്നു എന്നത് വിശദമാക്കുവാനാണ് നാം ഉദ്ദേശിക്കുന്നത്. 1 പത്രൊസും 2 പത്രൊസും ഒരേ ലേഖകൻ അല്ല എഴുതിയത് എന്നാണ് വാദം. ബൈബിളിനെ കുറിച്ചുള്ള ലേഖനങ്ങൾ എഴുതുന്ന എഴുത്തുകാർ പലപ്പോഴും അവർക്ക് വേണ്ട വിവരങ്ങൾ ശേഖരിക്കുന്നത്, ചിലപ്പോൾ വർത്തമാന പത്രത്തിൽ ബൈബിൾ വിമർശകർ എഴുതിയ കാര്യങ്ങളിൽനിന്നും ആനുകാലിക മാസികകളിൽനിന്നും എടുക്കുകയാണ് പതിവ്. അതിനാൽ പ്രചാരത്തിലിരുന്ന പ്രസ് അടിച്ചുവിട്ട പ്രസ്താവനയായിരിക്കാം 2 പത്രൊസിന്റെ ലേഖനം അപ്പൊസ്തലനായ പത്രൊസ് എഴുതിയതല്ല എന്ന്. എന്തുകൊണ്ട് അത്തരം പ്രസ്താവനകൾ നടത്തി എന്നതിനെ കുറിച്ച് പരിശോധിക്കുവാൻ ക്രിസ്ത്യാനികൾ ബൈബിൾ പാണ്ഡിത്യം തങ്ങളുടെ ആയുഷ്ക്കാലത്ത് ഉപയോഗിച്ചുകാണുകയില്ല.

## പത്രൊസ് ആണ്<br>ലേഖകൻ എന്ന കാര്യം

2 പത്രൊസിന്റെ ലേഖനം പത്രൊസ് എഴുതിയോ എന്ന ചോദ്യത്തിൽ പണ്ഡിതന്മാർ തടസവാദങ്ങളിൽ മുന്നേറിയപ്പോൾ, മറ്റു പണ്ഡിതന്മാർ അതിനോട് പ്രതികരിച്ചു. രണ്ട് ലേഖനങ്ങളിലുമുള്ള ശൈലി വ്യത്യാസമല്ലാതെ രണ്ട്-ലേഖകർ എന്ന സിദ്ധാന്തത്തിനു മറ്റു കാരണങ്ങൾ ഉണ്ടോ? രണ്ട് ലേഖനങ്ങളും അപ്പൊസ്തലനായ പത്രൊസ് തന്നെയാണ് എഴുതിയത് എന്ന് ബൈബിൾ വിദ്യാർത്ഥികൾ വിശ്വസിക്കുന്നതിന് മതിയായ കാരണങ്ങൾ ഉണ്ട്.

ഒരളവ് വരെ, പദാവലികളിലും ശൈലിയിലും ഉള്ള വ്യത്യാസങ്ങൾ രണ്ടു ലേഖനങ്ങളും സംബോധന ചെയ്യുമ്പോൾ ആവശ്യമായേക്കാം, എങ്കിലും അത് അത്ര വ്യത്യാസം ജനിപ്പിക്കുന്നതായി കാണാവുന്നതല്ല. അഞ്ചാം നൂറ്റാണ്ടിലെ ജെറോം ഒരു സുപ്രധാന കാര്യം പരിഗണിക്കുവാൻ പറഞ്ഞിരിക്കുന്നു. ജെറോം ശ്രദ്ധേയനായ പണ്ഡിതനായിരുന്നു. യൂറോപ്പിൽ ഏകദേശം ആയിരം വർഷത്തോളം അദ്ദേഹത്തിന്റെ എഴുത്തുകൾ പ്രസിദ്ധീകരണമായ ലാറ്റിൻ വൾഗേറ്റിൽ നിറഞ്ഞു നിന്നിരുന്നു. 1 ഉം 2 ഉം ലേഖനങ്ങൾ എഴുതുവാനായി പത്രൊസ് വ്യത്യസ്തരായ ശാസ്ത്രിമാരെ ഉപയോഗിച്ചാൽ അത്തരം വ്യത്യാസങ്ങൾ സ്വാഭാവികമാണെന്നാണ് ജെറോം അതിനെ കുറിച്ച് പറഞ്ഞത്.

ഒരു ശാസ്ത്രി, അല്ലെങ്കിൽ അമാനുവെൻസിസ് എന്നു പറയുന്നത് ഒരു സെക്രട്ടറിയേക്കാൾ വലിയ ആളാണ്, അയാളാണ് പറഞ്ഞുകൊടുക്കുന്ന വാക്കുകൾ എഴുതുന്നത്. ശരിയായ വാക്കുകൾ തിരഞ്ഞെടുക്കുവാനും ഉചിതമായ പ്രയോഗങ്ങൾ ഉപയോഗിക്കുവാനും അയാൾ എഴുത്തുകാരനെ സഹായിച്ചിരുന്നു. 1 പത്രൊസിന്റെ അവസാനം അപ്പൊസ്തലൻ ശിലാസിന്റെ പേർ പറഞ്ഞിരിക്കുന്നു, അയാൾ ആയിരുന്നേക്കാം പത്രൊസിന്റെ ശാസ്ത്രി (1 പത്രൊ. 5:12). ഒരു ശാസ്ത്രിയെ നിയമിക്കുന്ന പതിവ് പൗലൊസിന് ഉണ്ടാ

യിരുന്നു. പൗലൊസിന്റെ ശാസ്ത്രിയായിരുന്ന തെർത്തോസ് ആയിരുന്നു റോമാ ലേഖനം കേട്ടെഴുതിയത്, പൗലൊസിന്റെ ലേഖനത്തിൽ അവന്റെ ഒരു പരാമർശവും ഉൾപ്പെടുത്തിയിരിക്കുന്നു (റോമർ. 16:22). 1 പത്രൊസിന്റെ ലേഖനം എഴുതിയപ്പോൾ ശിലാസിനെ ശാസ്ത്രിയായി ഉപയോഗിക്കുകയും രണ്ടാം ലേഖനം എഴുതിയപ്പോൾ മറ്റാരെയെങ്കിലും ശാസ്ത്രിയായി ഉപയോഗിച്ചപ്പോൾ പദാവലിയിലും ശൈലിയിലും വ്യത്യാസം വന്നിരിക്കാം.

ശ്രദ്ധാപൂർവ്വം വായിക്കുന്ന ഒരാൾക്ക് 1 പത്രൊസും 2 പത്രൊസും താരതമ്യം ചെയ്താൽ വിചാരപ്പെടുന്നതിലുള്ള വ്യത്യാസം വിശദീകരിക്കുവാൻ പ്രയാസം വരികയില്ല. രണ്ട് ലേഖനങ്ങളും എഴുതിയിരിക്കുന്നത് വ്യത്യസ്തമായ ഉദ്ദേശങ്ങൾക്ക് വേണ്ടിയാണ്. വിശ്വാസത്തിനു വേണ്ടി കഷ്ടം അനുഭവിക്കുന്നവരെ സംബോധന ചെയ്യുമ്പോൾ, ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ ലഭിക്കുവാനിരിക്കുന്ന മഹത്വത്തെയും പത്രൊസ് പറയേണ്ടത് അനിവാര്യമാണ്. നേരെ മറിച്ച്, ഉപദേഷ്ടാക്കന്മാരുടെ അധാർമ്മികതയും അന്യഥാ ഉള്ള ഉപദേശവുമാണ് വിഷയം എങ്കിൽ, ക്രിസ്തുവിന്റെ നാമം ധരിച്ചവർക്ക് ക്രിസ്തുവിന്റെ ഉപദേശത്തിന് വിട്ടുവീഴ്ച്ച വരുത്തുവാൻ ഭീഷണി നേരിട്ടാൽ, ലേഖകൻ ഉപയോഗിക്കേണ്ട രീതി വ്യത്യസ്തമായിരിക്കും. 2 പത്രൊസിന്റെ ഉദ്ദേശം നൽകിയിരിക്കുന്നത് പരിശോധിച്ചാൽ, ലേഖകൻ ക്രൂശിനെ കുറിച്ചോ, അവതാരം, സ്നാനം, പ്രാർത്ഥന, അല്ലെങ്കിൽ ക്രിസ്തുവിന്റെ വീണ്ടെടുപ്പ് എന്നിവയെ കുറിച്ചോ പറയാതിരിക്കുന്നത് നമ്മെ അതിശയപ്പെടുത്തുന്നില്ല. ലേഖനത്തിലെ വിഷയങ്ങളിലുള്ള വ്യത്യാസം വെച്ച് രണ്ട് ലേഖനങ്ങളും എഴുതിയത് വ്യത്യസ്ത ലേഖകരാണ് എന്നു പറയുക സാധ്യമല്ല.

ലേഖനത്തിൽ വ്യക്തിപരവും പരോക്ഷവുമായ സൂചനകൾ ഉന്നെ അടിസ്ഥാനത്തിലായിരിക്കാം പത്രൊസ് അല്ല ഈ ലേഖനം എഴുതിയത് എന്ന് വിമർശകർ അവകാശപ്പെടുന്നത്. അപ്പൊസ്തലൻ വിശ്വാസികൾക്ക് എഴുതുമ്പോൾ, വ്യക്തിപരമായ അനുഭവങ്ങൾ എഴുതുവാനിടയില്ല എന്ന കാരണത്താൽ ഒന്നാം ലേഖനം പത്രൊസ് അല്ല എഴുതിയത് എന്നു ചിലർ കരുതുന്നതു ശ്രദ്ധിക്കേണ്ടതാണ്. കർത്താവിനോടുള്ള തന്റെ വ്യക്തി ബന്ധം പത്രൊസിന് ഒന്നാം ലേഖനത്തിൽ പറയാമായിരുന്നു. കർത്താവിനെ ഓർമ്മിക്കലിൽ ചിലത് ഉള്ളതുകൊണ്ട് ഒന്നാം ലേഖനം പത്രൊസ് ആയിരിക്കുകയില്ല എഴുതിയത് എന്നു ചിലർ വാദിക്കുന്നു. അവ ധാരാളം 2 പത്രൊസിന്റെ ലേഖനത്തിൽ ഉള്ളതുകൊണ്ട് അത് എഴുതിയത് പത്രൊസ് ആയിരിക്കുകയില്ല എന്നു മറ്റു ചിലർ പറയുന്നു. ഒരാൾക്ക് രണ്ടു വിധത്തിൽ പറയുവാൻ സാധ്യമല്ലല്ലോ. അവൻ ഓർമ്മിച്ച കാര്യങ്ങൾ പരോക്ഷമായി സൂചിപ്പിക്കുന്നതാണ് പത്രൊസിനെ കുറിച്ച് സുവിശേഷങ്ങളിൽ പറഞ്ഞിരിക്കുന്നത്. മറുരൂപമലയിലെ സംഭവം വിവരിച്ച അപ്പൊസ്തലനെ 2 പത്രൊസിന്റെ ലേഖകൻ ആണെന്ന് തള്ളിക്കളയുന്നത് അർത്ഥശൂന്യമാണ് (1:17, 18).

“ശേഷം തിരുവെഴുത്തുകളെ പോലെ” പത്രൊസ് പൗലൊസിന്റെ ലേഖനങ്ങളെയും കുറിച്ച് പരാമർശിക്കുന്നത് നമ്മെ അമ്പരപ്പിക്കുന്നതാണ് (3:16). എങ്ങനെയായാലും, പത്രൊസും പൗലൊസും 60കളുടെ മദ്ധ്യേ റോമിലായിരുന്നുവെന്നും, ആ കാലത്ത് പിന്നീട് രണ്ടുപേരും രക്തസാക്ഷികളായി തീർന്നു എന്നും തോന്നുന്നു. അപ്പൊസ്തലന്മാർ രണ്ടുപേരും അവരുടെ സാന്നിധ്യം അന്യോന്യം തിരിച്ചറിയാതെ ആ പട്ടണത്തിൽ തടവിലായിരുന്നു എന്നത് വിശ്വസിക്കുവാൻ പ്രയാസമാണ്. പത്രൊസ് റോമർക്ക് എഴുതിയ ലേഖനം നന്നായി

വായിച്ചിരിക്കാം. പൗലൊസ് എഴുതിയ മറ്റു ലേഖനങ്ങളെ കുറിച്ചും അവൻ അറിഞ്ഞിരിക്കാം. 1 പത്രൊസിന്റെ ലേഖനം എഴുതിയശേഷമാണ് 2 പത്രൊസ് എഴുതിയതെങ്കിൽ, പൗലൊസിന്റെ ലേഖനങ്ങളെ കുറിച്ച് അവൻ നടത്തിയ പരോക്ഷ സൂചന മനസിലാക്കാവുന്നതേയുള്ളു.

പൗലൊസിനെ പോലെ, പത്രൊസും, അപ്പൊസ്തലന്മാരുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെയും നടത്തിപ്പിനെയും കുറിച്ച് അറിഞ്ഞിരുന്നു. തീർച്ചയായും, ഒന്നാം-നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ പുതിയ നിയമ കാനോൻ എന്നത് വന്നിട്ടില്ലായിരുന്നു. മറ്റു തിരുവെഴുത്തുകളെ പോലെ പൗലൊസിന്റെ ലേഖനങ്ങളും കോട്ടിക്കളഞ്ഞിരിക്കുന്നു എന്നാണ് അവൻ പറഞ്ഞത്. അപ്പൊസ്തലന്മാരിൽ ഒരാൾ മറ്റൊരാളുടെ പ്രവൃത്തിയെ ബഹുമാനിച്ചിരുന്നതായി ആ പ്രസ്താവനയെ കാണാം.

2 പത്രൊസിന്റെ ലേഖനത്തിൽ പറഞ്ഞതായ ദുരുപദേഷ്ടാക്കന്മാർ രണ്ടാം-നൂറ്റാണ്ടിന്റെ മദ്ധ്യഭാഗം വരെ രംഗ പ്രവേശനം നടത്തിയിട്ടില്ല എന്നു സ്ഥിരീകരിക്കാവുന്നതാണ്. ലേഖനം അപ്പൊസ്തലൻ എഴുതിയതല്ല എന്നത് ഉറപ്പിച്ചുള്ള വാദം ആയിരുന്നു. എങ്ങനെയായാലും, അത്തരം അവകാശത്തിന് തെളിവ് ആവശ്യമാണ്. ഏഡി. 40 നും 100 നും ഇടക്ക് സംഭവിച്ച ഉപദേശപരമായ വളർച്ചയെ കുറിച്ച് ചരിത്രകാരന്മാർക്ക് വലിയ അറിവൊന്നും ഉണ്ടായിരിക്കയില്ല. കൂടാതെ 2 പത്രൊസിന്റെ ലേഖനത്തിൽ പറയുന്ന ദുരുപദേഷ്ടാക്കന്മാർ കൃത്യമായി പഠിപ്പിച്ചതെന്താണെന്ന് ലേഖനത്തിൽ പറയുന്നുമില്ല. 2 പത്രൊസിന്റെ ലേഖനത്തിനും യൂദയുടെ പുസ്തകത്തിനും തമ്മിലുള്ള സാഹിത്യപരമായ ബന്ധവും നിർണ്ണയിക്കുക പ്രയാസമാണ്. 2 പത്രൊസിന്റെ ലേഖനം എഴുതിയ ശേഷമാണ് യൂദയുടെ ലേഖനം എഴുതിയതെന്നാണ് ആധുനിക എഴുത്തുകാർ വാദിക്കുന്നത്. പ്രായമായ പണ്ഡിതന്മാർ വാദിക്കുന്നത് 2 പത്രൊസ് ആണ് ആദ്യം എഴുതിയത് എന്നാണ്. താൻ അഭിമുഖീകരിക്കുന്ന ദുരുപദേഷ്ടാക്കന്മാരെ തിരിച്ചറിയുന്നതു വെച്ചും, 2 പത്രൊസിന്റെ ലേഖനവും യൂദയുടെ ലേഖനവും തമ്മിലുള്ള സാഹിത്യപരമായ ബന്ധവും വെച്ച് 2 പത്രൊസിന്റെ ലേഖനം എഴുതിയ തീയതി തീർച്ചപ്പെടുത്താവുന്നതല്ല.

മറ്റു പുതിയനിയമ രേഖകളേക്കാൾ കാനോനിലുള്ളത് സ്വീകരിക്കുവാൻ പ്രയാസമുള്ളതാണ് 2 പത്രൊസിന്റെ ലേഖനം. 2 പത്രൊസിന്റെ ലേഖനം വാസ്തവമായതാണോ എന്ന് സഭയുടെ ചില കോണുകളിൽ നിന്നു ചോദ്യം ഉയർന്നിരുന്നതാണ് നാലാം-നൂറ്റാണ്ടിന്റെ മദ്ധ്യേ ജീവിച്ചിരുന്ന സഭാ ചരിത്രകാരനായിരുന്ന യൂസേബിയസ് പറഞ്ഞിരിക്കുന്നതു.[4] എങ്ങനെയായാലും, വ്യാജമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് അത് പിന്നീട് സ്വീകരിക്കുവാനിടയായത്. രണ്ടും മൂന്നും നൂറ്റാണ്ടുകളിൽ, സാക്ഷാലല്ലാത്ത പുസ്തകങ്ങൾ പലതും വിശ്വാസികൾക്കിടയിൽ വിതരണം ചെയ്തിരുന്നു. അവയിൽ പലതും നശിക്കാതിരുന്നു. സാക്ഷാലല്ലാത്ത പല പുസ്തകങ്ങൾക്കും പത്രൊസിന്റെ പേർ കൊടുത്തിരുന്നു; ഉദാഹരണമായി, രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഉണ്ടായിരുന്ന അപൊകാലിപ്സ് ഓഫ് പീറ്റർ. പത്രൊസിന്റെ പേർ വെച്ച് പ്രസിദ്ധീകരിച്ച ഒരു പുസ്തകം കാണുമ്പോൾ, സഭ ശ്രദ്ധിച്ചിരുന്നു.[5] പത്രൊസിന്റെ പേരിൽ ഇറങ്ങിയ മറ്റു പുസ്തകങ്ങളെ പോലെ, 2 പത്രൊസിന്റെ ലേഖനം തള്ളിക്കളഞ്ഞിട്ടില്ല എന്നത് ശ്രദ്ധേയമാണ്.

ചരിത്രപരമായ വീക്ഷണത്തിൽ മാത്രമുള്ള തെളിവുകൾ വിലയിരുത്തുവാനും ഉറപ്പിക്കുവാനും ആന്തരികവും ബാഹ്യവുമായ തെളിവുകൾ മാത്രം പോരാ.

തന്റെ ശുശ്രൂഷയിൽ യേശുവിനോടു കൂടെ സഞ്ചരിച്ച അപ്പൊസ്തലനായിരുന്നു 2 പത്രൊസ് എഴുതിയത് എന്ന കാര്യം നിഷേധിക്കുവാൻ സാധ്യമല്ല. വാസ്തവമായും ലേഖനം പത്രൊസിന്റെ തന്നെയാണെന്നതിന് വിശ്വസനീയമായ രണ്ടു വസ്തുതകൾ നോക്കണം. ഒന്ന്, ആരംഭവാക്യത്തിലെ തെളിവായി പറഞ്ഞിരിക്കുന്ന ലേഖനത്തിലെ കാര്യവും, അവൻ യേശുവിനോടുകൂടെ ആയിരുന്നപ്പോൾ സംഭവിച്ച കാര്യങ്ങൾക്ക് സാക്ഷിയായിരുന്നതും, ലേഖനം വാസ്തവത്തിലുള്ളതാണെന്ന് ഉറപ്പിക്കാം. രണ്ട്, ലേഖനം ആത്മാർത്ഥമാണെന്ന നിലയിൽ പ്രാരംഭ ക്രിസ്ത്യാനികൾ കൂട്ടായി തീരുമാനിച്ചിരുന്നു എന്ന വസ്തുതയും സ്ഥിരീകരിക്കാവുന്നതാണ്.

തെറ്റായ നിലയിലാണ് 2 പത്രൊസിന്റെ ലേഖനം പുതിയനിയമത്തിൽ ഉൾപ്പെടുത്തിയതെന്നതിന് എന്തെല്ലാം സൂചനകളാണുള്ളത്? വലിയ വ്യത്യാസം ജനിപ്പിക്കാത്തതാണ് ചില കാരണങ്ങൾ. വാദം ഇതാണ്:2 പത്രൊസിന്റെ ലേഖനം പ്രയോജനമുള്ളതാണെന്ന് സഭ നൂറ്റാണ്ടുകളായി വിശ്വസിച്ചിരിക്കുന്നു. കൂടാതെ, ലേഖനം എഴുതിയവർ അതിന് പത്രൊസിന്റെ പേർ കൊടുക്കുവാൻ ഉദ്ദേശിക്കാതെ പേർ കൊടുത്തതാണെങ്കിൽ അവർ സത്യസന്ധരല്ലാതാകും. അവർ സഭയുടെ ക്ഷേമത്തെ-കരുതിയവരായിരുന്നു. കൂടാതെ അപ്പോഴും, തങ്ങൾക്ക് അറിയാവുന്ന ദുരുപദേഷ്ടാക്കന്മാർക്കെതിരെയുള്ള എഴുത്തിന്റെ ആധികാരികതക്ക് പത്രൊസ് സന്നിഹിതനാകുകയാണെങ്കിൽ, തീർച്ചയായും അവൻ അത് സ്വീകരിക്കും എന്ന് അവർ ആത്മാർത്ഥമായി വിശ്വസിച്ചിരിക്കണം. അവർ പത്രൊസിനെ പ്രതിനിധീകരിച്ചത് ശരിയായിരുന്നു എന്നാണ് അവർ വിശ്വസിച്ചത്. അതുകൊണ്ട്, ലേഖനത്തിന് പത്രൊസിന്റെ പേർ കൊടുത്തതിനാൽ എന്തെങ്കിലും ദോഷം സംഭവിക്കുകയാണെങ്കിൽ, അത് അപ്രധാനമാണെന്ന് കരുതുക ന്യായമായിരുന്നു.

ആധുനികമായ ഒന്നിനെയും സഹിക്കാത്ത പുരാതന എഴുത്തുകാരുടെ ആത്മാർത്ഥതയെ ദയവോടെ എടുക്കുകയായിരിക്കും ഇത്തരത്തിൽ വിവേചിക്കുന്നവർ ചെയ്യുന്നത്. ലേഖനത്തിന് പുരാതന എഴുത്തുകാരൻ അറിഞ്ഞുകൊണ്ട് പത്രൊസിന്റെ പേർ കൊടുത്തതാണെങ്കിൽ, അവൻ അപ്പൊസ്തലനാണെന്നതിനെ പിന്താങ്ങുവാനായി വ്യക്തിപരമായ പ്രസ്താവനകളും നൽകിയെങ്കിൽ, അയാൾ സത്യസന്ധതയും ആത്മാർത്ഥതയും ഉള്ള ആളാണെന്ന് തീരുമാനിക്കുവാൻ വിഷമമാണ്. അത്തരം സ്വഭാവമുള്ള ഒരാൾ കർത്താവിനോടുകൂടെ നടന്നു എന്ന് അസത്യമായ പ്രസ്താവന നടത്തിയെങ്കിൽ, അങ്ങനെയുള്ള അവകാശങ്ങൾ അസത്യമായിരിക്കും. 2 പത്രൊസിന്റെ ലേഖനം പത്രൊസ് അല്ല എഴുതിയതെങ്കിൽ, അതിലുള്ള അവകാശങ്ങൾ കൃത്രിമമായിരിക്കും. ക്രിസ്ത്യാനികൾ അത് കാനോനിൽ ഉൾപ്പെടുത്തുന്നതു സഹിക്കുകയില്ല. അങ്ങനെ വരുമ്പോൾ 2 പത്രൊസ് എഴുതിയത് പത്രൊസ് അല്ല എന്നു പറയുന്ന വിമർശകർ ആത്മാർത്ഥതയില്ലാത്തവരായി തീരുന്നു. എന്നിട്ടും അത് ദൈവശ്വാസിയ രേഖയായി ക്രിസ്തുവിന്റെ സഭ ഉപയോഗിക്കുന്നു എന്നതാണ് സുപ്രധാനമായ കാര്യം.

അപ്പൊസ്തലന്റെ ആധികാരികമായ എഴുത്താണ് 2 പത്രൊസ് എന്ന്, മടികൂടാതെ നമുക്ക് സ്വീകരിക്കാം. കൂടാതെ, അവൻ എഴുതിയത് പരിശുദ്ധാത്മാവിന്റെ നടത്തിപ്പിലായിരുന്നു എന്നും നാം വിശ്വസിക്കുന്നു. ഒരു വിധത്തിൽ ഇത് ഒരു വിശ്വാസ പ്രസ്താവനയാണെന്ന് നാം സമ്മതിക്കണം. എഴുതിയ ആളെ സംബന്ധിച്ച് ഉയർന്ന ചോദ്യത്തെ നാം ഗൗരവത്തോടെ പരിഗണിക്ക

ണം. എങ്ങനെയായാലും, ലേഖനത്തിന്റെ ആരംഭവാക്യത്തിലെ എഴുതിയ ആളിനെ കുറിച്ച് പറഞ്ഞിരിക്കുന്നത് തള്ളിക്കളയാവുന്നതല്ല. ലേഖനം സാക്ഷാലുള്ളതല്ല എന്നും അത് പുതിയനിയമത്തിൽനിന്നും ഒഴിവാക്കണമെന്നും പറയുന്നവരോട് ബഹുമാനത്തോടെ പറയുവാനുള്ളത്, ലേഖനത്തിൽ അവർ പറയുന്ന കാര്യങ്ങൾക്ക് സ്ഥിരതയില്ല എന്നും അവരുടെ സ്വയ-വഞ്ചന നിമിത്തമാണ് അവർ ലേഖകനെ തള്ളിക്കളയുന്നത് എന്നും മാത്രമാണ്.

## സദസും, എഴുതിയ
## തീയതിയും സ്ഥലവും

3:1 നാം എങ്ങനെ മനസിലാക്കുന്നു എന്നത് അനുസരിച്ചായിരിക്കും 2 പത്രൊസിന്റെ ലേഖനത്തിന്റെ എത്തിച്ചേരലിനെ കുറിച്ചുള്ള സങ്കീർണ്ണമായ ചോദ്യത്തിന് നാം ഉത്തരം കണ്ടെത്തുന്നത്. പത്രൊസ് എഴുതി, “പ്രിയരേ, ഞാൻ ഇപ്പോൾ നിങ്ങൾക്ക് എഴുതുന്നത് രണ്ടാം ലേഖനം അല്ലോ” (3:1). പത്രൊസ് ക്രിസ്ത്യാനികൾക്ക് പല ലേഖനങ്ങളും എഴുതിയിരിക്കാം. ഇവിടെ അന്തർലീനമാക്കിയിരിക്കുന്നത് നാം 1 പത്രൊസിന്റെ ലേഖനമെന്ന് വിളിക്കുന്നത് “ഒന്നാം ലേഖനം” ആയിരിക്കണമെന്നില്ല എന്നത് വാസ്തവമാണ്. 1 പത്രൊസിന്റെ ലേഖനത്തിൽ സംബോധന ചെയ്ത ആളുകളിൽനിന്നു വ്യത്യസ്തരായ, നമുക്ക് അറിയാത്ത ആളുകൾക്ക് അപ്പൊസ്തലൻ വേറെ ലേഖനം എഴുതിയിരിക്കാം. 2 പത്രൊസ് ആ സദസ്യർക്ക് അപ്പൊസ്തലൻ എഴുതുന്നത് രണ്ടാം ലേഖനമായിരിക്കാം, അല്ലാതെ 1 പത്രൊസിന്റെ ലേഖനം എഴുതിയ ആളുകൾക്കല്ല ഇതെഴുതുന്നത് എന്നർത്ഥം. പുതിയ നിയമത്തിൽ സൂക്ഷിച്ചിട്ടില്ലാത്ത പലതും അപ്പൊസ്തലന്മാർ എഴുതിയിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. ഉദാഹരണമായി, മുൻപ് ഒരു ലേഖനം അവർക്ക് എഴുതിയതായി പൗലൊസ് പരാമർശിച്ചിരിക്കുന്നു (1 കൊ. 5:9), ലവുദിക്യക്കാർക്കും അവൻ ഒരു ലേഖനം എഴുതിയതായി പറഞ്ഞിരിക്കുന്നു (കൊലൊ. 4:16).

ആദ്യം എഴുതിയ ലേഖനത്തെ കുറിച്ച് പത്രൊസ് അധികമൊന്നും പറഞ്ഞിട്ടില്ലെങ്കിലും, ഒരു സൂചന നൽകി. “നിങ്ങളുടെ പരമാർത്ഥ മനസ് ഓർപ്പിച്ചുണർത്തുന്നതിന്” ഞാൻ ഇപ്പോൾ എഴുതുന്നത് രണ്ടാം ലേഖനമല്ലോ എന്നാണ് പറഞ്ഞത് (3:1). എന്ത് ഓർമ്മയായിരുന്നു അപ്പൊസ്തലന്റെ മനസിൽ ഉണ്ടായിരുന്നത്? യേശുവും അവനും തമ്മിൽ വ്യക്തിപരമായി ഇടപെട്ട സംഭവങ്ങളെയായിരുന്നു പത്രൊസ് തന്റെ രണ്ടാം ലേഖനത്തിൽ വായനക്കാരെ ഓർപ്പിച്ചത് (1:14, 17). കൂടാതെ, സഭയെ വിഴുങ്ങുവാൻ ശ്രമിച്ച ദുരുപദേഷ്ടാക്കന്മാരുടെ ശ്രമത്തിൽ സ്ഥിരോൽസാഹമുള്ളവരായിരിപ്പാനും അവൻ അവരെ ഓർപ്പിച്ചു. 2 പത്രൊസിന്റെ ലേഖനവുമായി താരതമ്യം ചെയ്യുമ്പോൾ 1 പത്രൊസ് വ്യത്യാസമുള്ളതാണ്. ഓർപ്പിക്കുന്നത് എന്തായിരുന്നാലും, 1 പത്രൊസിന്റെ ലേഖനം നയിക്കുന്നത് ക്രൂശിലേക്കും കർത്താവിന്റെ മടങ്ങിവരവിലേക്കുമാണ്. 1 പത്രൊസിന്റെ ലേഖനത്തിലെ പ്രശ്നം വിശ്വാസികൾ ഉപദ്രവിക്കപ്പെട്ടത് പുറത്തുനിന്നായിരുന്നു എങ്കിൽ, 2 പത്രൊസിന്റെ ലേഖനത്തിലെ പ്രശ്നം, അകത്തുനിന്നുള്ള ദുരുപദേഷ്ടാക്കന്മാരുടെ ഭീഷണി ആയിരുന്നു. 2 പത്രൊസിന്റെ ലേഖനത്തിൽ, ലേഖകന് തന്റെ വായനക്കാരുടെ പ്രശ്നം നേരിട്ട് അറിയാമായിരുന്നു എന്നു തോന്നുന്നു. 1 പത്രൊസിന്റെ ലേഖനത്തിൽ, തന്റെ വായനക്കാരുടെ പ്രശ്നങ്ങളെ കുറിച്ച് കേട്ടതായ അറിവായിരിക്കാം. തന്റെ ലേഖനത്തെ പത്രൊസ്, “ഇത് രണ്ടാം ലേഖനമാണ് ഞാൻ എഴുതു

ന്നത്" എന്നു പറഞ്ഞതിൽനിന്ന് 1 പത്രൊസിന്റെ ലേഖനമാണ് ആദ്യം ഇതേ സദസിന് എഴുതിയത് എന്ന് അർത്ഥമാക്കരുത്.

2 പത്രൊസ് എഴുതുന്നതിനു മുൻപ് അപ്പൊസ്തലൻ 1 പത്രൊസിന്റെ ലേഖനമല്ലാതെ വേറൊരു ലേഖനം ഇതേ സദസിന് എഴുതിയിരുന്നു എന്ന കാര്യം ഇന്നത്തെ വായനക്കാരൻ പരിഗണിക്കണം. അപ്പോഴും, 1 പത്രൊസ് എഴുതിയ വായനക്കാർക്ക് തന്നെ കുറെ വർഷങ്ങൾ കഴിഞ്ഞ് എഴുതിയതാണ് 2 പത്രൊസിന്റെ ലേഖനം എന്നാണ് കമെന്ററികൾ പറയുന്നത്. ആ വാദം ഇങ്ങനെ പോകുന്നു:2 പത്രൊസ് 3:1 ന്റെ മുമ്പാണ് 1 പത്രൊസിന്റെ ലേഖനം എഴുതിയതെങ്കിൽ, 1 പത്രൊസ് 1:1 ൽ പറഞ്ഞ ആസ്യാഭൂഖണ്ഡത്തിലെ സഭാവിശ്വാസികൾക്ക് തന്നെയായിരിക്കണം എഴുതിയത്. അത് അങ്ങനെയാണെങ്കിൽ, 1 പത്രൊസ് എഴുതിയിട്ട് കുറച്ച് വർഷങ്ങൾ കഴിഞ്ഞിരിക്കാം. കൂടാതെ, സഭയെ വിഴുങ്ങുവാൻ ശ്രമിച്ച ദുരുപദേഷ്ടാക്കന്മാരെ കുറിച്ച് അപ്പൊസ്തലൻ അറിഞ്ഞിരിക്കയും ചെയ്തേക്കാം. ദുരുപദേഷ്ടാക്കന്മാരെ കുറിച്ച് ചില സൂചനകൾ സുവിശേഷ സന്ദേശത്തിൽ നൽകിയിരുന്നു. 1 പത്രൊസിന്റെ ലേഖനത്തിൽ അവരെ സംബോധന ചെയ്തതിനേക്കാൾ പരിഗണിക്കത്തക്കവിധത്തിലാണ് അപ്പൊസ്തലൻ സ്പഷ്ടമാക്കിയത്.

രണ്ടു ലേഖനങ്ങളും തമ്മിലുള്ള വ്യത്യാസം വളരെ ചെറുതായിട്ടു മാത്രമെ കാണുന്നുള്ളു എന്നതാണ് ഈ വിലയിരുത്തലിന്റെ പ്രശ്നം. 2 പത്രൊസിന്റെ ലേഖനത്തിലെ വിചാരവും പ്രബോധനവും മനസിലാക്കുവാൻ ആധുനിക വായനക്കാരന് 1 പത്രൊസിന്റെ ലേഖനത്തിൽനിന്നു ഒന്നും കിട്ടുകയില്ല. നേരെ മറിച്ച്, 1 പത്രൊസിന്റെ ലേഖനം കൂടാതെ മറ്റൊരു ലേഖനം എഴുതിയിട്ടുണ്ടെങ്കിൽ, അപ്പോൾ രണ്ടാം ലേഖനത്തിൽ പറയുന്ന സദസ്യരെ തിരിച്ചറിയുവാൻ പ്രയാസം നേരിടുകയില്ല.

2 പത്രൊസ് 3:1 പ്രകാരം മുൻപ് എഴുതിയ ലേഖനം 1 പത്രൊസ് അല്ലെങ്കിൽ, നാം 1 ഉം 2 ഉം പത്രൊസിന്റെ ലേഖനം എന്നു വിളിക്കുന്നത് എഴുതിയതിന് ക്രമം ഇല്ലാതെ പോകും. 2 പത്രൊസിന്റെ ലേഖനം 1 പത്രൊസിന്റെ ലേഖനം എഴുതുന്നതിനു മുൻപ് എഴുതിയതാകാൻ സാധ്യതയുണ്ട്. അപ്പോൾ പിന്നെ അത് ഇങ്ങനെ ക്രമപ്പെടുത്തിയിരിക്കുന്നത് എന്തുകൊണ്ടാണ്? 2 പത്രൊസിന്റെ ലേഖനം ആണ് ആദ്യം എഴുതിയതെങ്കിൽ, അത് ക്രമപ്പെടുത്തിയവർ എന്തുകൊണ്ട് തിരിച്ച് ക്രമപ്പെടുത്തിയില്ല? ആ ചോദ്യങ്ങൾ ആദ്യം പ്രത്യക്ഷപ്പെടുമ്പോൾ അത്ര വിഷമമുള്ളതായി തോന്നുകയില്ല.

രണ്ട് തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് പൗലൊസിന്റെ ലേഖനങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നത് എന്ന് ഓർക്കുക. ഒന്ന്, സംബോധന ചെയ്ത സഭകളാണ് ആദ്യം വരുന്നത്, പിന്നീടാണ് വ്യക്തികളെ സംബോധന ചെയ്തുള്ള ലേഖനങ്ങൾ വരുന്നത്. പിന്നെ വരുന്ന ലേഖനങ്ങൾ ദൈർഘ്യമേറിയതും ദൈർഘ്യം കുറഞ്ഞതുമായിട്ടാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. കാലനിർണ്ണയ പ്രകാരമല്ല അത് ക്രമപ്പെടുത്തിയിരിക്കുന്നത് എന്നത് വ്യക്തമാണ്. അതുകൊണ്ടാണ് ഫിലെമോന്റെ ലേഖനം യുക്തിസഹജമായി എഫെസ്യർ, കൊലൊസ്യർ എന്നീ ലേഖനങ്ങൾക്കൊപ്പം ചേർക്കാതെ, തിമൊഥെയൊസിനും തിത്തൊസിനും എഴുതിയ ലേഖനത്തോടൊപ്പം ക്രമപ്പെടുത്തിയത്.

പൊതുവായ ലേഖനങ്ങൾ അവയുടെ ലേഖകൻ അനുസരിച്ചാണ് ക്രമപ്പെടുത്തിയിരിക്കുന്നത്,[6] എന്നാൽ ഒരേ എഴുത്തുകാരന്റെ ഒന്നിലധികം ലേഖനങ്ങൾ വരുമ്പോഴും അത് ദൈർഘ്യമേറിയതും ദൈർഘ്യം കുറഞ്ഞ

തുമായിട്ടാണ് ഏർപ്പെടുത്തിയിരിക്കുന്നത്. യോഹന്നാനും പത്രൊസുമാണ് പൊതുവായ ലേഖനങ്ങൾ ഒന്നിലധികം എഴുതിയിരിക്കുന്നത്. അവയും പൗലൊസിന്റെ ലേഖനങ്ങളെ ഏർപ്പെടുത്തിയതുപോലെ; ദൈർഘ്യമേറിയത് ആദ്യവും, ദൈർഘ്യം കുറഞ്ഞതു പിന്നെ എന്ന രീതിയിലാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. അതു സത്യമാകുമ്പോൾ പത്രൊസിന്റെ രണ്ട് ലേഖനങ്ങളിൽ 1 പത്രൊസിന്റെ ലേഖനം 2 പത്രൊസിന്റെ ലേഖനത്തിന് മുൻപ് എഴുതേണ്ട ആവശ്യമില്ല എന്ന് സൂചിപ്പിക്കുന്നു. 1 പത്രൊസ് ആദ്യം വരുന്നത് അത് 2 പത്രൊസിനേക്കാൾ ദൈർഘ്യമേറിയതുകൊണ്ടാണ്.

2 പത്രൊസിന്റെ ലേഖനം 1 പത്രൊസിന്റെ ലേഖനം എഴുതുന്നതിനു മുൻപ് എഴുതി എന്നതിന് ചില സൂചനകൾ ഉണ്ട്. ഉദാഹരണത്തിന്, 2 പത്രൊസിന്റെ ലേഖനവും യൂദയുടെ ലേഖനവും പരസ്പരം ആശ്രയിച്ചിരിക്കുന്നതിനാൽ, 2 പത്രൊസ് എഴുതിയത് പ്രാഥമികമായി, യെഹൂദക്രിസ്തീയ സദസിനായിരുന്നു എന്നു പറയാം. യെഹൂദക്രിസ്ത്യാനികൾക്ക് പ്രയോജനകരമായ കാര്യങ്ങളാണ് 2 പത്രൊസിന്റെ ലേഖനത്തിലും യൂദയുടെ ലേഖനത്തിലും പറയുന്നത്. ദൂതന്മാരെ ദൈവം ആദരിക്കാതിരുന്നതും, നോഹയെ കുറിച്ചും, ലോത്തിനെ കുറിച്ചും 2 പത്രൊസിലെ വായനക്കാരോട് പറയുന്നു (2:4-8). കൂടാതെ ദൂതന്മാർ കർത്താവിന്റെ സന്നിധിയിൽ ദൂഷണവാക്ക് ഉച്ചരിച്ചില്ല എന്നും രണ്ട് പത്രൊസിൽ പറയുന്നു (2:11). യെരൂശലേമിലെ കൂടിയാലോചനക്ക് ശേഷം, പത്രൊസ് റോമിലേക്ക് പോകുന്നതിനു മുൻപ് യെഹൂദ്യയിൽ ആയിരുന്നപ്പോഴാണ് പത്രൊസ് തന്റെ രണ്ടാം ലേഖനം എഴുതിയതെങ്കിൽ (പ്രവൃ.15),[7] യെഹൂദ ക്രിസ്ത്യാനികൾക്ക് സുപരിചിതമായ സംഭവങ്ങൾ വിവരിച്ചതെന്തുകൊണ്ടെന്ന് അത് വിശദമാക്കും. കൂടാതെ, യേശുവിനെയും പത്രൊസിനെയും കുറിച്ചുള്ള സംഭവങ്ങൾ വിതരണം ചെയ്തത് ജാതികൾ തിങ്ങി നിറഞ്ഞ സ്ഥലങ്ങളേക്കാൾ, സുറിയ, ഗലീലി, പിന്നെ വടക്കോട്ടും ആയിരിക്കും. 2 പത്രൊസിൽ, യേശുവിന്റെ മരണത്തെ കുറിച്ചുള്ള പ്രവചനം (1:14), മറുരൂപം (1:17, 18), എന്നിവ പത്രൊസ് പരോക്ഷസൂചനയായി പറയുവാനുള്ള കാരണത്തെ അത് വ്യക്തമാക്കുന്നു.

ജാതികളായ വായനക്കാർ ഉപയോഗിച്ച ഹെല്ലെനിസ്റ്റിക് ഗ്രീക്ക് ഉപയോഗിച്ചതാകാം, 2 പത്രൊസ് യെഹൂദന്മാർക്ക് എഴുതിയതല്ല എന്നു പറയുവാനുള്ള മുഖ്യ കാരണം. ഗ്രീക്ക് സംസ്ക്കാരമുള്ള യെഹൂദക്രിസ്ത്യാനികൾക്ക് ആനുകാലിക ഗ്രീക്ക് സംസ്ക്കാര ആശയങ്ങളുമായി ബന്ധമില്ല എന്നാണ് ധരിക്കപ്പെട്ടിട്ടുള്ളത്. വിമർശകരായ വ്യാഖ്യാതാക്കൾ 2 പത്രൊസിന്റെ ലേഖനത്തിലെ ഗ്രീക്കും, ഫിലോ (ക്രിസ്തുവിന്റെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന അലെക്സാന്ദ്രിയക്കാരനായ യെഹൂദന്റെ എഴുത്തും ഏകദേശം അതേ കാലഘട്ടത്തിൽ എഴുതപ്പെട്ട സാഹിത്യവുമായി താരതമ്യം ചെയ്തിരുന്നു).[8] പത്രൊസ് ആ ഭാഷ ഉപയോഗിച്ചിരിക്കുവാനിടയില്ല എന്നും, അവന്റെ വായനക്കാർ യെഹൂദ ക്രിസ്ത്യാനികളാണെങ്കിൽ അവരും അത്തരം ഭാഷ ഉപയോഗിച്ചിരിക്കയില്ല.

എങ്ങനെയായാലും, സാദ്ധ്യതകളെ കുറിച്ചുള്ള വസ്തുതകൾ ആരായുമ്പോൾ, യവന സംസ്ക്കാരമുള്ള ശാസ്ത്രിയെ പത്രൊസ് എഴുതുവാൻ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ, 2 പത്രൊസ് എഴുതിയത് 60 കളുടെ മദ്ധ്യേയോ അതിനു ശേഷമോ ആകുവാനാണ് സാധ്യത. അതിനു പുറമെ, ഗ്രീക്ക് സംസാരിക്കുന്ന ലോകത്തെ ആളുകൾ ഉപയോഗിച്ചിരുന്ന പ്രയോഗങ്ങളും പദാർത്ഥപ്രയോഗങ്ങളും സുറിയയിലും/പാലസ്തീനിലും താമസിച്ചിരുന്ന ഗ്രീക്കുകാർക്ക്

ശരിക്കും അറിയാമായിരുന്നതിന് തെളിവുണ്ട്.[9] ഈ ലേഖനം അപ്പൊസ്തലനായിരുന്ന പത്രൊസ് ആണ് എഴുതിയതെങ്കിൽ, അങ്ങനെ നാം എടുക്കുവാനായി, ലേഖനം 60 കളുടെ മദ്ധ്യേയുള്ളതാണങ്കിൽ, അവൻ യവന സംസ്ക്കാര ഭാഷ ഉപയോഗിച്ചതിനു വിശദീകരണം ഇല്ല. 2 പത്രൊസിന്റെ ലേഖനം 40 കളുടെ അവസാനം അല്ലെങ്കിൽ 60 കളുടെ മദ്ധ്യേ എഴുതിയതായാലും, അത് യെഹൂദ്യയിൽ വെച്ചോ അല്ലെങ്കിൽ റോമിൽ വെച്ചോ ആയാലും, ഗലീലാ മുക്കുവന്മാരിൽനിന്ന് ഒരാൾ ഗ്രീക്ക് സംസ്ക്കാര ഭാഷ പ്രതീക്ഷിക്കുന്നില്ല.

സഭാ ചരിത്രം നോക്കിയാൽ 2 പത്രൊസിന്റെ ലേഖനത്തിൽ പറഞ്ഞ ദുരുപദേഷ്ടാക്കന്മാർ വരുന്നത് പിന്നീടാണ് എന്നാണ് വാദം പോകുന്നത്. ആ വാദം വരുന്നത് അടിസ്ഥാനപരമായി രണ്ട് പരിഗണനകളിൽനിന്നാണ്. (1) ദുരുപദേഷ്ടാക്കന്മാർ വാസ്തവത്തിൽ എന്താണ് പഠിപ്പിച്ചത് എന്ന് രണ്ട് പത്രൊസ് കൂടുതലായി പറയുന്നില്ല. അവർ അധാർമ്മികരായിരുന്നു; അത് വളരെ വ്യക്തമാണ് (2:14). അവർ ആത്മിയ അധികാരികളെ വലുതായി ബഹുമാനിച്ചിരുന്നില്ല എന്നു തോന്നുന്നു (2:10, 11). അവർ അത്യാഗ്രഹികളും സ്ഫോടകാത്മകരുമായിരുന്നു. അവരുടെ അഭിപ്രായത്തോട് പ്രതികരിക്കുന്നതായിരുന്നു കർത്താവിന്റെ മടങ്ങി വരവിനെ കുറിച്ചു പത്രൊസ് പറഞ്ഞ കാര്യങ്ങൾ. വിവിധമായതിന്റെയോ യേശു ജഡത്തിൽ വന്നതിനെ തള്ളിക്കളഞ്ഞതിന്റെയോ സൂചന ഒന്നുമില്ല എന്നത് ശ്രദ്ധേയമാണ്. ജ്ഞാനവാദികളുടെ ഉപദേശമായിരുന്നു അവ രണ്ടും. 2 പത്രൊസിന്റെ പശ്ചാത്തലത്തിലുള്ള ഉപദേഷ്ടാക്കന്മാരുടെ ആവിർഭാവം ഒന്നാം-നൂറ്റാണ്ടിന്റെ അവസാനത്തിലോ അതോ രണ്ടാം-നൂറ്റാണ്ടിന്റെ ആരഭത്തിലോ എന്നു സ്ഥിരീകരിക്കാവുന്നതല്ല.

(2) എ. ഡി. 40 നും 150 നും ഇടക്ക് രൂപപ്പെട്ട ഉപദേശങ്ങളെ കുറിച്ച് ചരിത്രകാരന്മാർക്ക് അധികം ഒന്നും അറിയില്ല. രണ്ടാം-നൂറ്റാണ്ടിൽ സഭയിൽ ചില ഭാഗത്ത് ജ്ഞാനവാദികളുടെ ഭീഷണി നേരിട്ടിരുന്നു, എന്നാൽ ആ ഉപദേശം എവിടെ ആരംഭിച്ചു എന്നോ, അല്ലെങ്കിൽ അത് എങ്ങനെ സഭയിലേക്ക് നുഴഞ്ഞു കയറി എന്നോ അറിയുവാൻ നിർവ്വാഹമില്ല. ഉപദേഷ്ടാക്കന്മാരെ കുറിച്ചുള്ള അറിവിന്റേയും ലേഖനത്തിലെ ഉപദേശങ്ങളുടേയും അടിസ്ഥാനത്തിൽ 2 പത്രൊസ് 40 കളിൽ എഴുതപ്പെട്ടതിനെ എതിർത്തിരിക്കകൊണ്ട് 60 കളുടെ മദ്ധ്യത്തിൽ ആയിരിക്കാം എഴുതിയത്. രണ്ടാം നൂറ്റാണ്ടിലാണ് 2 പത്രൊസ് എഴുതിയത് എന്നു കരുതുന്നവർ അപ്പൊസ്തലനാണ് എഴുതിയത് എന്നു നിഷേധിക്കുകയും, സഭയിൽ ഉപദേഷ്ടാക്കന്മാരെ നേരിട്ടത് പിന്നീടുണ്ടായ പ്രതിഭാസമാണെന്നും പറയുന്നു. അത് ഉറപ്പിക്കുവാനുള്ള വിഭവങ്ങൾ കുറവാണ്. ആ കാര്യത്തിന്, ലേഖനം അപ്പൊസ്തലൻ 40 കളുടെ അവസാനമല്ല, 60 കളുടെ മദ്ധ്യേ എഴുതി എന്നു പറയുമ്പോൾ, ഉപദേഷ്ടാക്കന്മാരുടെ സാന്നിധ്യം ഉൾക്കൊള്ളിക്കുവാനായി രണ്ട് ദശാബ്ദക്കാലം നീട്ടണമെന്നില്ല.

2 പത്രൊസ് എഴുതിയത് 40 കളുടെ അവസാനമായിരിക്കുമെന്നതിന് ഗൗരവമേറിയ തടസമായി ഉന്നയിക്കുന്നത് ലേഖകന് പൗലൊസിന്റെ ലേഖനങ്ങൾ പരിചയമുണ്ടായിരുന്നു എന്നു പറഞ്ഞിരിക്കുന്നതാണ് (3:15, 16). 40 കളുടെ അവസാനത്തിന് മുൻപ് പൗലൊസിന്റെ ലേഖനങ്ങളെ കുറിച്ച് പത്രൊസ് അറിഞ്ഞിരിക്കുവാൻ സാധ്യത ഉണ്ടോ? അതിലുപരിയായി അവൻ അവയെ ശേഷം “തിരുവെഴുത്തുകളുമായി” താരതമ്യം ചെയ്തിരുന്നോ? ഒന്ന്, 2 പത്രൊസ് 3:15, 16 ന്റെ വെളിച്ചത്തിൽ, പൗലൊസിന്റെ ലേഖനങ്ങളെ കുറിച്ച് പത്രൊസിന് നേരിട്ട് അറിയാമായിരുന്നോ എന്നത് വ്യക്തമല്ല. ചിലത് ഉണ്ടാ

യിരുന്നു എന്നും, അവയിൽ ചിലത് മനസിലാക്കുവാൻ പ്രയാസമായിരുന്നവ ദുരുപദേഷ്ടാക്കന്മാർ തെറ്റായി ഉപയോഗിച്ചിരുന്നതായും അവൻ അറിഞ്ഞിരുന്നു. പൗലൊസ് ലേഖനങ്ങൾ എഴുതിയിരുന്നതായി 40 കളുടെ അവസാനം പത്രൊസ് അറിഞ്ഞിരിക്കാം. പ്രവൃത്തികൾ 15 ലെ യെരുശലേം സമ്മേളനത്തിനു മുൻപ് ഗലാത്യ ലേഖനം എഴുതിയിരുന്നെങ്കിൽ, പത്രൊസ് അത് അറിഞ്ഞിരിക്കുവാൻ സാധ്യതയുണ്ട്. അതിനു പുറമെ, പൗലൊസ് എഴുതിയ അജ്ഞാത ലേഖനങ്ങളെ കുറിച്ച് പത്രൊസ് പറഞ്ഞു എന്നു ചിന്തിക്കുന്നതു തന്നെ പ്രയാസമാണ്. 2 പത്രൊസ് എഴുതിയത് 40 കളുടെ അവസാനമാണെന്നതിന് പൗലൊസിന്റെ ലേഖനങ്ങളെ കുറിച്ച് പറഞ്ഞത് ഒരു തടസമല്ല.

40 കളുടെ അവസാനം, അതായത് സഭയുടെ പ്രാരംഭ കാലഘട്ടത്തിൽ 2 പത്രൊസ് എഴുതി എന്ന് ഏകദേശം നമുക്ക് കണക്കാക്കാവുന്നതാണ്. കൂടാതെ, അത് വന്നത് ഒരു സുറിയ/പാലസ്തീൻ ചുറ്റുപാടുള്ള യെഹൂദ ക്രിസ്ത്യാനിയിൽനിന്നാണ് എന്നും നമുക്ക് പറയാം. അത് അങ്ങനെയെങ്കിൽ, 2 പത്രൊസ് എഴുതിയത് 1 പത്രൊസ് എഴുതിയതിനു മുൻപാണ്. പാലസ്തീനിൽ മുഴുവൻ ചിതറി പാർത്തിരുന്ന യെഹൂദന്മാരിൽനിന്ന് ക്രിസ്ത്യാനികൾ ആയവർക്ക് സഭാദ്ധ്യക്ഷന്മാരാൽ എഴുതപ്പെട്ടതായിരുന്നു യാക്കൊബിന്റെയും, യൂദയുടേയും 2 പത്രൊസിന്റേയും ലേഖനങ്ങൾ.

ദമസ്ക്കൊസിലെ ചില യെഹൂദന്മാർ വിശ്വാസികളായി തീർന്നിരുന്നു എന്ന് പൗലൊസിന്റെ പരിവർത്തന സംഭവങ്ങൾ വിവരിച്ചിരിക്കുന്നതിൽനിന്നു വ്യക്തമാകുന്നു. പൗലൊസ് പരിവർത്തനം ചെയ്ത് ഒരു ദശാബ്ദത്തിനു ശേഷം ആ പ്രദേശങ്ങളിലെ പട്ടണങ്ങളിലേയും ഗ്രാമങ്ങളിലേയും പലരും ക്രിസ്തുവിനെ സ്വീകരിച്ചിരുന്നു. ഈ യെഹൂദ ക്രിസ്ത്യാനികൾക്കിടയിലേക്ക് ആ ഉപദേഷ്ടാക്കന്മാർ നുഴഞ്ഞു കയറി ക്രിസ്തീയ സ്വാതന്ത്ര്യത്തെ എടുത്ത് പ്രമാണ വൈരുദ്ധ്യത്തിലേക്ക് നയിക്കുവാൻ തുടങ്ങി. യെരുശലേം സഭയുടെ അധികാരത്തിൽനിന്ന് സ്വതന്ത്രരാകുവാൻ ആളുകളെ അവർ ആഹ്വാനം ചെയ്തു എന്നു തോന്നുന്നു. പിന്തുണക്കായി അവർ പൗലൊസിനെയും സമീപിച്ചിരിക്കാം. ദുരുപദേഷ്ടാക്കന്മാരെ ചെറുക്കുവാനായി ഒരേ സദസ്യർക്ക് എഴുതിയതാണ് യൂദയുടെ ലേഖനവും 2 പത്രൊസിന്റെ ലേഖനവും. അത് അങ്ങനെയാണെങ്കിൽ, യാക്കൊബിന്റെ ലേഖനം, യൂദയുടെ ലേഖനം, 2 പത്രൊസിന്റെ ലേഖനം എന്നിവ എഴുതിയത് 40 കളുടെ അവസാനം ആയിരിക്കും.

## 2 പത്രൊസിലെ ദുരുപദേഷ്ടാക്കന്മാർ

പ്രാചീന ജ്ഞാനവാദത്തെ പ്രോൽസാഹിപ്പിച്ചവരായിരുന്നു 2 പത്രൊസിലെ ദുരുപദേഷ്ടാക്കന്മാർ എന്നാണ് വ്യാഖ്യാതാക്കൾ പൊതുവായി പറയുന്നത്.[10] എങ്ങനെയായാലും, ആ ഉപദേഷ്ടാക്കന്മാർ ജ്ഞാനവാദികളായിരുന്നു എന്നതിന് ഉറപ്പില്ല. ഇരട്ട സംവിധാനം ഉള്ളതായിരുന്നു ജ്ഞാനവാദം. ജ്ഞാനവാദികൾ പറയുന്നത് നിലവിലുള്ളതിനെയെല്ലാം ഭൗതികമെന്നും ആത്മികമെന്നും രണ്ടായി തരം തിരിക്കാം എന്നാണ്. ആത്മികം നല്ലതായിരുന്നു; എന്നാൽ പദാർത്ഥം ദോഷമുള്ളതാണ്. അതുകൊണ്ട്, ദൈവപുത്രൻ, മുഴുവനായും നല്ലതായതിനാൽ, മാംസവും രക്തവുമാകുവാൻ സാധ്യമല്ല. തന്റെ ശുശ്രൂഷാ വേളയിൽ പോലും യേശു ജഡമായിരുന്നതിനെ അവർ നിഷേധിക്കുകയാണ് (2 യോഹ. 7). 2 പത്രൊസിൽ പറയുന്ന ഉപദേഷ്ടാക്കന്മാർ വിവിധമായിരുന്നു എന്നതിനു സൂചനയില്ല. “തങ്ങളെ വിലെക്ക് വാങ്ങിയ യജ

മാനനെ" തള്ളിക്കളയുന്നതാണ് ഇരട്ട ഉപദേശം എന്നു പറയുന്നത് (2 പത്രൊ. 2:1), യേശുവിനെ തള്ളിക്കളഞ്ഞത് ജ്ഞാനവാദികൾ മാത്രമായിരുന്നില്ല.[11]

നാം 2 പത്രൊസ് ശ്രദ്ധിച്ചു വായിച്ചാൽ, അപ്പൊസ്തലൻ നേരിട്ട ദുരുപദേഷ്ടാക്കന്മാർ ആരാണെന്ന് ആത്മധൈര്യത്തോടെ നമുക്ക് പറയുവാൻ സാധ്യമല്ല. ആ ഉപദേഷ്ടാക്കന്മാരെ അവൻ നേരിട്ടു എന്നത് ശ്രദ്ധിക്കുക; അവൻ അധികഭാഗവും അവരുടെ ഉപദേശങ്ങളെ പ്രതിരോധിക്കുകയായിരുന്നില്ല. പണ്ഡിതന്മാർ പലപ്പോഴും ലേഖനത്തിലേക്ക് മടങ്ങിവന്ന് വായിച്ച് ജ്ഞാനവാദികൾ എന്ന് അവർ കരുതിയിരുന്നവരുടെ ഉപദേശങ്ങളെ ബന്ധിപ്പിക്കുവാൻ ശ്രമിച്ചു. അങ്ങനെ, അവർ വായിച്ചു മനസിലാക്കിയതനുസരിച്ച് ലേഖനത്തെ വ്യാഖ്യാനിക്കുകയാണ്. ആ ഉപദേഷ്ടാക്കന്മാർ അധാർമ്മികരും നിയമവിരുദ്ധമായ സുവിശേഷത്തെ പ്രോൽസാഹിപ്പിച്ചവരുമായിരുന്നു എന്നു പറയുന്നതായിരിക്കും സുരക്ഷിതത്വം (2:19). യേശുവിന്റെ പൂർണ്ണ-ദൈവികത്വത്തെ അവർ നിഷേധിച്ചിരുന്നു (2:1). "അവൻ വരുമെന്നുള്ള വാഗ്ദാനത്തെയും" അവർ നിസാരമായിട്ടാണ് കാണുന്നത് (3:4). യെരുശലേം സഭയിലെ അദ്ധ്യക്ഷന്മാരുടേതിനേക്കാൾ തങ്ങളുടെ ജ്ഞാനം വലുതാണെന്ന് അവർ കരുതിയിരുന്നു. 2 പത്രൊസിന്റെ ലേഖനത്തിന്റെ പിന്നിലുണ്ടായിരുന്ന ഉപദേഷ്ടാക്കന്മാർ പഠിപ്പിച്ചിരുന്നതിനെ കുറിച്ച് അത്രമാത്രമെ നമുക്കു പറയുവാൻ കഴിയു.

## 2 പത്രൊസിന്റെ ലേഖനവും<br>യൂദയുടെ ലേഖനവും തമ്മിലുള്ള ബന്ധം

"ദുരുപദേഷ്ടാക്കന്മാർ നിങ്ങളുടെ ഇടയിൽ ഉണ്ടാകും" എന്ന പത്രൊസിന്റെ വിവരണവും (2 പത്രൊ. 2:1), "ചില മനുഷ്യർ നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്ക്കാമവൃത്തിക്ക് ഹേതുവായി തിരിഞ്ഞിരിക്കുന്നു" (യൂദാ 4) എന്ന യൂദയുടെ പരാമർശവും തമ്മിൽ സാമ്മ്യമുള്ളത് നമ്മെ അമ്പരപ്പിക്കുന്നു. പത്രൊസിനും യൂദക്കും അറിയാവുന്ന പൊതുവായ ഉപദേഷ്ടാക്കന്മാർ സഭയെ കുഴപ്പത്തിലാക്കിയിരുന്നത് അപ്രതീക്ഷിതമായിരുന്നില്ല. ഭാഷയുടെ ഉപയോഗത്തിലുള്ള യോജിപ്പാണ് അപ്രതീക്ഷിതം. പത്രൊസും യൂദയും ഉപയോഗിക്കുന്നത്, ഒരേ വാദഗതികളും, ചിത്രീകരണത്തിന് ഒരേ ഉദാഹരണങ്ങളും, അസാധാരണ വാക്കുകളും, വാക്കുകളുടെ ഒരേ സംയോജനവും ആണ്. ദൂതന്മാരെ ദൈവം ആദരിക്കാതെ ശിക്ഷിച്ചുവെങ്കിൽ, നോഹയുടെ കാലത്തെ ലോകത്തെ ദൈവം ശിക്ഷിച്ചുവെങ്കിൽ, സോദോമിനേയും ഗൊമോറയെയും ദൈവം ശിക്ഷിച്ചുവെങ്കിൽ, സഭയിലേക്ക് നുഴഞ്ഞു വന്നു അവരെ തെറ്റിക്കുന്നവരെയും അവൻ ശിക്ഷിക്കും എന്നായിരുന്നു പത്രൊസ് പറഞ്ഞത് (2 പത്രൊ. 2:4-9). യൂദയും അതേ രീതിയിലാണ് പറഞ്ഞത്. അവൻ പറഞ്ഞ ഉദാഹരണങ്ങൾ മിസ്രയിമിൽനിന്നു വന്ന യിസ്രായേൽ ജനവും, ദൂതന്മാരും, സോദോമും ഗൊമോറയും ആയിരുന്നു. രണ്ട് ലേഖനങ്ങളുടേയും ഗ്രീക്ക് പുസ്തകങ്ങൾ ഓരോ വശത്തായി വെച്ച് വായിച്ചാൽ സാമ്യങ്ങൾ വളരെ വലുതായതുകൊണ്ട് പലരും വിശ്വസിക്കുന്നത് അവ തമ്മിൽ ചില സാഹിത്യബന്ധം ഉണ്ടായിരുന്നു എന്നാണ്.

പരിശുദ്ധാത്മനിയോഗത്താലായിരുന്നു പത്രൊസും യൂദയും എഴുതിയത്. പത്രൊസിനും യൂദക്കും തമ്മിൽ സാമ്യം ഉണ്ടാകുവാൻ കാരണം അവർ പൊതുവായി ദൈവശ്വാസിയരായിരുന്നു. എങ്ങനെയായാലും, ആ വിശദീകരണം പ്രശ്നം പരിഹരിക്കുന്നതിനു പകരം കൂടുതൽ ഉത്ഭവിക്കുകയാണ് ചെയ്യുന്ന

ത്. ദൈവത്തിൽനിന്നുള്ള ഒരു സന്ദേശം അവരിൽ എത്തുവാൻ പരിശുദ്ധാത്മാവ് എങ്ങനെയാണ് പ്രവർത്തിച്ചത് (2 പത്രൊ. 1:21) എന്ന് ബൈബിളിൽ പറഞ്ഞിട്ടില്ല. തിരുവെഴുത്ത് ഉൽപാദനത്തിന് മനുഷ്യമനസിനെ പരിശുദ്ധാത്മാവ് എങ്ങനെ സഹായിച്ചു എന്ന കാര്യത്തിൽ, ഇത്രത്തോളം മാത്രം നമുക്ക് അറിയാം: ഒരു ലേഖകന്റെ മനസിനെ പരിശുദ്ധാത്മാവ് എടുത്തുകൊണ്ടുപോയി പറഞ്ഞുകൊടുത്ത് എഴുതിക്കുകയായിരുന്നില്ല, അങ്ങനെ ആയിരുന്നുവെങ്കിൽ, ബൈബിളിലെ രേഖകളെല്ലാം ഒരേ എഴുത്തു ശൈലിയിലും, പദാവലിയിലും, വിചാരങ്ങളിലും ആകുമായിരുന്നു.

ദൈവം ആഗ്രഹിച്ച സന്ദേശം മനുഷ്യരിൽ എത്തിക്കുവാൻ വ്യക്തികളിൽ പരിശുദ്ധാത്മാവ് എങ്ങനെയോ പ്രവർത്തിച്ചു. ഓരോ ലേഖകനും താന്താന്റെ പദാവലികളും ഓർമ്മയും ഉപയോഗിച്ചു. താൻ ഏറ്റുമുട്ടിയ ജീവിത സാഹചര്യങ്ങളെ ഓരോരുത്തരും വ്യക്തമാക്കി. ദൈവവും മനുഷ്യനും തമ്മിൽ സൈദ്ധാന്തികമായ സേവനം ഒന്നും പരിശുദ്ധാത്മാവ് നടത്തിയില്ല. ഉറച്ച ചരിത്രപരമായ ഏർപ്പാടുള്ള യഥാർത്ഥ ആളുകളുടെ ജീവിതത്തിൽനിന്നാണ് പരിശുദ്ധാത്മാവ് സാഹിത്യ രീതി ആവിഷ്ക്കരിച്ചത്. യൂദയും പത്രൊസും അവർ എഴുതുമ്പോൾ എല്ലായ്പോഴും പരിശുദ്ധാത്മാവിന്റെ ശ്വാസിയതയിൽ ആയിരുന്നു. അവർ രണ്ടു പേരും ശ്വാസിയതയിൽ ആയിരുന്നതുകൊണ്ട്, ഭാഷയിലുള്ള സാമ്യം നമുക്ക് തള്ളിക്കളയുവാൻ സാധ്യമല്ല.

യൂദയുടെ ലേഖനത്തിനും 2 പത്രൊസിന്റെ ലേഖനത്തിനും സാഹിത്യപരമായ ബന്ധമുണ്ടെന്ന് പറയുവാൻ, പത്രൊസ് യൂദയിൽനിന്നോ, യൂദ പത്രൊസിൽനിന്നോ അതല്ലെങ്കിൽ, രണ്ടുപേർക്കും മറ്റുറവിടത്തിൽനിന്നോ ദുരുപദേഷ്ടാക്കന്മാരെ കുറിച്ചുള്ള വിവരങ്ങൾ ലഭിക്കണം. സാധ്യതകൾ പരിഗണിക്കുമ്പോൾ, പത്രൊസും യൂദയും മൂന്നാമത് ഒരു ഉറവിടത്തെ ആ ആശയത്തിനായി ആശ്രയിച്ചു എന്നു കരുതിയാൽ അത് അനാവശ്യമായ സങ്കീർണ്ണതകൾ വരുത്തി വെക്കും. അത്തരം ഉറവിടം ഉണ്ടായിരുന്നോ ഇല്ലയോ എന്നു തെളിയിക്കുവാൻ സാധ്യമല്ല. അജ്ഞാതമായ ഉറവിടത്തെ അംഗീകരിച്ചതായി രണ്ടു ലേഖനങ്ങളിലും പറയുന്നില്ല. നമുക്ക് ലഭ്യമായത് വെച്ചു കൈകാര്യം ചെയ്യുകയായിരിക്കും 2 പത്രൊസിനേയും യുദയെയും സംബന്ധിച്ച് നല്ലത്. പത്രൊസിന്റേയും യൂദയുടേയും ലേഖനത്തിൽ മൂന്നാമതൊരു ഉറവിടം ഉപയോഗിച്ചിട്ടില്ലെങ്കിൽ, ഒരാൾ മറ്റൊരാളുടേത് ഉപയോഗിച്ചിരിക്കാമെന്ന് അതിലെ ഭാഷാ സാമ്മ്യം വ്യക്തമാക്കുന്നു. ഏതു ലേഖനമാണ് ആദ്യം എഴുതിയത് എന്ന ചോദ്യമാണ് പിന്നെ ഉയരുന്നത്? ഏതാണ് ആദ്യം വരുന്നത്?

വിവരങ്ങൾ, യൂദ 2 പത്രൊസിൽനിന്നെടുത്തതാണെന്നാണ് പഴയ വ്യാഖ്യാനങ്ങൾ വാദിക്കുന്നത്. യൂദയാണ് ആദ്യം എഴുതിയത് എന്നതിനോടാണ് അടുത്തകാലത്തുള്ള വ്യാഖ്യാനങ്ങൾ യോജിക്കുന്നത്. യൂദ മുൻഗണനക്ക് തിരഞ്ഞെടുത്ത കാര്യങ്ങൾ ശക്തമായിരുന്നു. ഒന്ന്, യൂദാ ചെറിയ രേഖയായതുകൊണ്ട്, അത് ആദ്യം എഴുതപ്പെട്ടു എന്നു വാദിക്കുന്നു. 2 പത്രൊസിൽനിന്നു യൂദ വാക്കുകളെടുത്തു തന്റെ ഉപയോഗത്തിന് സംയോജിപ്പിച്ചു എന്നു പറയുന്നതിനേക്കാൾ യുക്തിപരമായി തോന്നുന്നത്, യൂദയിൽനിന്നു പത്രൊസ് എടുത്തു എന്നു പറയുന്നതായിരിക്കും. കൂടാതെ, യൂദക്ക് മുൻപ് 2 പത്രൊസ് കിട്ടിയിരുന്നുവെങ്കിൽ, എന്തുകൊണ്ട് ആ ലേഖനം കൂടെ പത്രൊസിന്റേതുമായി ചേർത്തു ഉപയോഗിച്ചില്ല എന്നു സംശയിച്ചേക്കാം. വാക്കുകൾ കൂട്ടിച്ചേർത്ത് അവനു പ്രത്യേക ലേഖനം എഴുതുവാൻ കഴിയുമായിരുന്നു. ഈ

പരിഗണനകൾക്കപ്പുറമായി, ഭാഷാ പണ്ഡിതന്മാർ സൂക്ഷ്മ വ്യത്യാസങ്ങൾ പരിശോധിച്ച് ഓരോരുത്തരും തങ്ങളെ പ്രകടിപ്പിച്ച രീതി നോക്കി, പത്രൊസ് യൂദയിലെ വാക്കുകളാണ് ഉപയോഗിച്ചത്, അല്ലാതെ മറിച്ചല്ല എന്ന തീർപ്പിൽ എത്തി. അവസാനമായി, ആ രണ്ടു ലേഖനങ്ങളും വ്യാഖ്യാനിക്കുവാൻ ഏതാണ് ആദ്യം എഴുതിയത് എന്നു അറിയേണ്ടതില്ല എന്നു നിർണ്ണയിക്കാം. ചിലപ്പോൾ, 2 പത്രൊസിന്റെ ലേഖനത്തിലെ ചില വാചകങ്ങൾ അല്ലെങ്കിൽ പ്രയോഗങ്ങൾ യൂദയുടെ ലേഖനത്തിലെ അതേ പ്രസ്താവനയുമായി ചേർത്തു വായിച്ചാൽ കൂടുതൽ അർത്ഥവത്താകും.

**ഉപസംഹാരം**

2 പത്രൊസിന്റെ ലേഖനം എഴുതിയ സാഹചര്യങ്ങൾ കൃത്യമായി നമുക്ക് വിവരിക്കുവാൻ കഴിയുകയില്ല, താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ നമുക്ക് പരിശോധിക്കാം. പൗലൊസ് ജാതികളോട് സുവിശേഷം അറിയിച്ച പ്രാരംഭ കാലയളവിൽ, സഭ സുവിശേഷവുമായി പാലസ്തീനിലേയും സുറിയയിലേയും യെഹൂദ സമൂഹത്തിലേക്ക് ഇറങ്ങി ചെന്നു. ക്രിസ്ത്യാനികളായി തീർന്ന യെഹൂദന്മാർ ക്രിസ്തുവിനോടുള്ള കൂട്ടായ്മ ആചരിച്ച് യേശു ക്രിസ്തുവാണെന്ന വിശ്വാസത്തിൽ ഞായറാഴ്ച്ച, പുതിയനിയമപ്രകാരം കൂടി വന്ന് ആരാധിച്ചിരുന്നുവെങ്കിലും, ക്രിസ്ത്യാനികളാകാത്ത-യെഹൂദന്മാരും യെഹൂദക്രിസ്ത്യാനികളും പള്ളികളിൽ കൂടി വരിക പതിവായിരുന്നു. യേശുവിനെ ക്രൂശിൽ തറെച്ച് ഒരു ദശാബ്ദത്തിനു ശേഷം പത്രൊസും യൂദയും യെരുശലേമിനു പുറത്തേക്ക് സാഹസിക സംരംഭം നടത്തിയിരിക്കാം, നമ്മുടെ കണക്കുകൂട്ടൽ അനുസരിച്ച് അവർ മുഖേനയായിരിക്കാം യെഹൂദ്യയിലും ഗലീലയിലും വടക്കോട്ട് ദമസ്ക്കോസിലും അതിനപ്പുറവും, ധാരാളം പേർ പരിവർത്തനം ചെയ്യുവാനിടയായത്.

ഒരു ദശാബ്ദത്തിനുള്ളിൽ പൗലൊസ് അവതരിപ്പിച്ച സ്വാതന്ത്ര്യം, കൃപ, ദൈവഭക്തിയുള്ള ജീവിതം എന്നിവയെ തെറ്റിദ്ധരിച്ചിട്ടായിരിക്കാം കുറെ ഉപദേഷ്ടാക്കന്മാർ വന്ന് ക്രിസ്തുവിന്റെ അനുയായികളെ തെറ്റിക്കുവാൻ തുടങ്ങി. അവർ സഭകളിലേക്ക് നുഴഞ്ഞു കയറി ചിലരെ സ്വാധീനിക്കുവാനായി ശ്രമിച്ചു. അംഗീകരിക്കുവാൻ കഴിയാത്ത അവരുടെ ദുരുപദേശം ക്രിസ്തീയ സന്ദേശത്തിന് വിട്ടുവീഴ്ച്ച വരുത്തി സഭയ്ക്ക് ഭീഷണി ഉയർത്തുന്നതായി യൂദയും പത്രൊസും മനസിലാക്കി. അവർ രണ്ടു പേരും, ആദ്യം യൂദയും പിന്നെ പത്രൊസും തങ്ങൾക്ക് സ്വാധീനമുള്ള സഭകൾക്ക് ലേഖനങ്ങൾ എഴുതി, ആ ദുരുപദേഷ്ടാക്കന്മാരുടെ ഉപദേശത്തെ തള്ളിക്കളയുവാനാവശ്യപ്പെട്ടു. യാക്കൊബും ഇതേ കാലയളവിൽ ഇതേ സദസ്യർക്ക് ലേഖനം എഴുതി. ക്രിസ്ത്യാനികൾ വിശ്വാസ മാഹാത്മ്യം മനസിലാക്കിക്കൊണ്ടിരുന്നപ്പോൾ, നല്ല പ്രവർത്തനത്തെ കണ്ടില്ലെന്നു നടിക്കുന്നത് ശരിയല്ല എന്നു കരുതി. വിശ്വാസവും പ്രവൃത്തിയും ഒരേപോലെ കൊണ്ടുപോകുവാനാണ് യാക്കൊബ് ആവശ്യപ്പെട്ടത്. പത്രൊസ് തന്റെ 2 പത്രൊസ് എന്ന ലേഖനം എഴുതിയശേഷം, മറ്റു സ്ഥലങ്ങളിൽ യാത്ര ചെയ്ത് യെഹൂദന്മാരോടും ജാതികളോടും ദൈവവചനം അറിയിക്കുകയും, ആസ്യയിലും കൊരിന്ത്യയിലും പ്രവർത്തിച്ചു. ക്രമേണ അവൻ റോമിലെത്തി. റോമിൽനിന്നാണ് 2 പത്രൊസ് എഴുതി വർഷങ്ങൾക്ക് ശേഷം, നമുക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്ന 1 പത്രൊസിന്റെ ലേഖനം എഴുതിയത്. ജ്ഞാനം ഉരസുന്ന സമയങ്ങളിൽ പത്രൊസ് പിൻവലിഞ്ഞിരുന്നില്ല. അറിയുക

എന്നത് ഏറ്റവും വിലയുള്ളതായി അപ്പൊസ്തലൻ ഉറപ്പിച്ചു പറഞ്ഞിരുന്നു. കൂടാതെ, തനിക്ക് ക്രിസ്തുവിൽനിന്നു ലഭിച്ചത് ഏറ്റവും വിലയുള്ളതാണെന്നും അവൻ പറഞ്ഞിരുന്നു. അപ്പൊസ്തലൻ ജ്ഞാനത്തെ ഉയർന്ന നിലവാരമുള്ള ധാർമ്മികതയോടും സദാചാരത്തോടുമാണ് സംയോജിപ്പിച്ചത്. "യേശുക്രിസ്തുവിന്റെ സ്വഭാവത്തിന്റെയും ഉപദേശങ്ങളുടേയും അടിസ്ഥാനത്തിലുള്ള മതപരവും നിത്യവുമായ ജ്ഞാനമാണ്" ക്രിസ്ത്യാനിയുടെ പരിജ്ഞാനം.

### ബാഹ്യരൂപരേഖ

I. ഒരേ വിശ്വാസത്തിലുള്ളവർക്ക്: വന്ദനം (വാ. 1:1, 2)

II. ക്രിസ്തുവിന്റെ സത്യ പരിജ്ഞാനം (വാ. 1:3–21)
- എ. ജീവനും ഭക്തിക്കും വേണ്ടിയത് (1:3–9)
- ബി. നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം (1:10, 11)
- സി. ഓർപ്പിക്കുക വഴി (1:12–15)
- ഡി വിശുദ്ധ ജനം (1:13–16)
- ഇ ഭയത്തിൽ നിങ്ങളെ സൂക്ഷിക്കൽ (1:17–21)

III. ദുരുപദേഷ്ടാക്കന്മാർ (വാ. 2:1–22)
- എ. ദുരുപദേഷ്ടാക്കന്മാരെ കുറിച്ചുള്ള മുന്നറിയിപ്പ് (2:1–3)
- ബി. ദൈവത്തിന്റെ ന്യായവിധി തീർച്ചയാണ് (2:4–10)
- സി. ദുരുപദേഷ്ടാക്കന്മാരുടെ സ്വഭാവം (2:10–16)
- ഡി നാശത്തിന്റെ അടിമകളായിരിക്കെ സ്വാതന്ത്ര്യം വാഗ്ദത്തം ചെയ്യുന്നു (2:17–22)

IV. ക്രിസ്തുവിന്റെ **രണ്ടാം** വരവ് (വാ. 3:1–16)
- എ. "നിങ്ങളുടെ പരമാർത്ഥ മനസ് ഉണർത്തുന്നു" (3:1, 2)
- ബി. "അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ?" (3:3–7)
- സി. "കർത്താവിന്റെ നാൾ" (3:8–10)
- ഡി കർത്താവിന്റെ നാൾ സമീപിച്ചിരിക്കുന്നു എന്നറിഞ്ഞ് വിശുദ്ധമായി ജീവിക്കൽ (3:11–13)
- ഇ ഉൽസാഹത്തിനായി വിളിച്ചിരിക്കുന്നു (3:14–16)

V. അവസാന പ്രബോധനം (വാ. 3:17, 18)

---

കുറിപ്പുകൾ

[1]എവറെറ്റ് എഫ്. ഫെർഗൂസൻ, *ഇൻട്രൊഡക്ഷൻ ടു ദ ന്യു ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1964), 386. [2]ചില പുരാതന പുസ്തകങ്ങളിൽ 1:1-ൽ "ശിമോൻ" എന്നും മറ്റു ചിലതിൽ "ശിമെയോൻ" എന്നുമാണ്, എന്നാൽ ശക്തമായത് "ശിമെയോൻ" എന്നാണെന്ന് തോന്നുന്നു. പത്രൊസിനെ കുറിച്ച് "ശിമെയോൻ" എന്ന് ഇവിടെയും പ്രവർത്തികൾ 15:14 ലും മാത്രമാണുള്ളത്. [3]1 പത്രൊസിന്റെ ലേഖനത്തെ കുറിച്ചുള്ള ബാഹ്യമായ

തെളിവിന്റെ നല്ല അവതരണത്തിന്, രാംസെ, മൈക്കിൾസ്, 1 പീറ്റർ, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം 49 (വാക്കോ, ടെക്സ്.: വേർഡ് ബുക്സ് 1988), xxxixxxiv, 2 പത്രൊസിന് നോക്കുക, ചാൾസ് ബിഗ്, എപ്പിസ്റ്റിൽസ് ഓഫ് സെന്റ് പീറ്റർ ആന്റ് സെന്റ്. ജൂഡ്, ഇന്റർനാഷ്ണൽ ക്രിട്ടിക്കൽ കമെന്ററി (എഡിൻബറോ: ടി& ടി ക്ലെർക്ക്, 1902), 199-210. [4]യൂസേബിയസ് *എക്ലേഷിയാസ്റ്റിക്കൽ ഹിസ്റ്ററി* 3.3.1, 4; 3.25.3. ലേഖനങ്ങൾ വാസ്തവത്തിലുള്ളതാണോ എന്ന കാര്യത്തിൽ യൂസേബിയസിനു തന്നെ സംശയം ഉണ്ടായിരുന്നു. [5]നോക്കുക, ഡൊണാൾഡ് ഗത്രിക്ക്, ന്യു ടെസ്റ്റമെന്റ് ഇൻട്രൊഡക്ഷൻ (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ വാഴ്സിറ്റി പ്രസ്, 1970), 671-84. പുതിയനിയമ കാലയളവിൽ ഒരു രേഖ എഴുതിയിട്ട് അതിന് പ്രസിദ്ധരായ ആരുടെയെങ്കിലും പേരിടുന്നത് അസാധരണമായിരുന്നില്ല, എങ്കിലും അതിനെ ഒരു ലേഖനമായി രൂപപ്പെടുത്തുന്നത് അസാധാരണമായിരുന്നു എന്നായിരുന്നു ഗത്രിയുടെ വാദം. [6]യാക്കൊബ് ആദ്യവും യൂദ അവസാനവും വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല. [7]യെരുശലേമിലായിരുന്ന പത്രൊസിനെ അവസാനമായി പറയുന്നത് പ്രവൃത്തികൾ 15:7 ലാണ്. [8]ഉദാഹരണത്തിനു നോക്കുക, റിച്ചാർഡ് ജെ. ബക്കാം, *ജൂഡ്, 2 പീറ്റർ*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 50 (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1983), 135-51. [9]ആ വിഷയത്തെ കുറിച്ചുള്ള വിസ്തൃതമായ സാഹിത്യത്യത്തെ മനസിലാക്കുവാൻ, നോക്കുക, മാർട്ടിൻ ഹെഞ്ചൽ, *ജൂഡായിസം ആന്റ് ഹെല്ലെനിസം* (ഫിലദെൽഫിയ: ഫോർട്രസ് പ്രസ്, 1974; 1:58-106). [10]രണ്ടാം നൂറ്റാണ്ടിൽ സഭയിലേക്കു നുഴഞ്ഞു വന്ന സങ്കീർണ്ണത നിറഞ്ഞ ഒരു വിഭാഗമായിരുന്നു ജ്ഞാനവാദികൾ. യോഹന്നാന്റെ ലേഖനങ്ങൾ, കൊലൊസ്യ ലേഖനം, മറ്റു ഇടയലേഖനങ്ങളെടുത്ത് ചില പ്രത്യേക രീതിയിലുള്ള ഉപദേശം സ്വീകരിച്ചവരായിരുന്നു അവർ എന്നു തോന്നുന്നു.

[11]ഏതാനും നൂറ്റാണ്ടുകൾക്ക് ശേഷം രൂപപ്പെട്ട ഏരിയൻ വിവാദം കർത്താവിന്റെ മുഴുവൻ ദൈവികതയെയും നിഷേധിച്ചിരുന്നു.